
Deivarajyam October 2018
I R.N.7623/63
Registered No. KL/ALY/0020/2017-2019 I R.N. 7623/1963
Date of publication: 1/10/2018
I Posted at Thodupuzha Stg.
Annual Subscription ₹ 100.00


St. Little Flower


St. Francis Assisi


St. Theresa of Avila


Bl. Kunjachan


St. Luke


Sts. Simon & Jude

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

ഒക്ടോബർ 2018 വാല്യം 57 ലക്കം 10

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ



ദൈവരാജ്യം




*Patron*
**Mar George Madathikandathil**
Bishop of Kothamangalam

*Editor*
**Rev. Fr. Jose Pulloppillil**

*Printer & Publisher*
**Rev. Dr. George Thekkekara**

വാല്യം 57
ഒക്‌ടോബർ 2018
ലക്കം 10

The Eparchial Curia
Bishop's House, P.B. No. 6
Kothamangalam - 686 691
Mob: 8281946306
bishophouseklm@gmail.com

## ഉള്ളടക്കം

5 ആഗോളമിഷൻ ദിനസന്ദേശം – ഫ്രാൻസിസ് മാർപാപ്പാ
11 രൂപതക്കച്ചേരി
13 മൈനർ സെമിനാരി
14 വിജ്ഞാനഭവൻ
18 ബൈബിൾ അപ്പോസ്റ്റലേറ്റ്
19 വിദ്യാഭ്യാസം
20 സോഷ്യൽ സർവീസ്
21 ചെറുപുഷ്പ മിഷൻലീഗ്
22 കെ. സി. എസ്. എൽ.
23 ഫാമിലി അപ്പോസ്റ്റലേറ്റ്
25 മാതൃവേദി
26 ഡി. എഫ്. സി.
29 യുവദീപ്തി
29 ജീസസ് യൂത്ത്
30 എ. കെ. സി. സി.
30 കേരള ലേബർ മൂവ്മെന്റ്
31 അല്മായഫ്രാൻസിസ്കൻ സഭ
32 ഇൻഫാം
32 പ്രാർത്ഥനാഗ്രൂപ്പ്
34 സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി
35 നെസ്റ്റ് പ്രോഗ്രാം
35 തിരുനാൾ മംഗളങ്ങൾ
36 രൂപതാദ്ധ്യക്ഷന്റെ ഡയറി
40 Bishop's Engagements
41 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
41 നിര്യാതരായി



## ഓർമ്മിക്കാൻ

### ഒക്ടോബർ

03-05 - Pre-Marriage Course
10 - DFC രൂപതാ കൺവെൻഷൻ
12 - രൂപതാ പ്രാർത്ഥനാ ദിനം
17 - 19 - Pre- Marriage Course
20-21 - Youth Assembly
23-24 - DFC State Camp
28 - Catechism PTA Meeting

## തിരുനാളുകൾ

01 – വി. കൊച്ചുത്രേസ്യ
02 – കാവൽമാലാഖ
04 – വി. ഫ്രാൻസിസ് അസ്സീസി
15 – ആവിലായിലെ വി. ത്രേസ്യ
16 – വാ. തേവർപറമ്പിൽ കുഞ്ഞച്ചൻ
17 – അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ്
18 – വി. ലൂക്കാ സുവിശേഷകൻ
27 – വി. ശിമയോൻ, വി. യൂദാ തദേവൂസ് ശ്ലീഹന്മാർ

Ref: 3141/K-5/KCBC/OL/DS 15.09.2018

# ആഗോളമിഷൻ ദിനസന്ദേശം - 2018

**നമുക്ക് യുവജനങ്ങളോടൊപ്പം എല്ലാവർക്കും സുവിശേഷം എത്തിച്ചുകൊടുക്കാം**

**ഫ്രാൻസിസ് മാർപാപ്പ**

പ്രിയ സഹോദരീ സഹോദരന്മാരേ,

ക്രിസ്തുവിൽ നിന്ന് നാം സ്വീകരിച്ച സുവിശേഷദൗത്യത്തെക്കുറിച്ച് നിങ്ങളോടുകൂടെ ചിന്തിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. സഭയിൽ ദൈവമക്കളെന്ന നിലയിൽ സാഹസിക ജീവിതം നയിക്കുന്ന എല്ലാ ക്രൈസ്തവരെയും, നിങ്ങളോടു സംസാരിക്കുമ്പോൾ ഞാൻ അഭിസംബോധന ചെയ്യുന്നുണ്ട്. നിങ്ങളുമായുള്ള ഈ സംസാരത്തിലൂടെ എല്ലാവരോടും സംസാരിക്കാൻ എന്നെ പ്രേരിപ്പിക്കുന്നത് ഒരു തീർച്ചയാണ്. ക്രൈസ്തവവിശ്വാസം യേശു നമ്മെ ഏല്പിച്ച ദൗത്യത്തോടു തുറവിയുള്ളതാകുമ്പോൾ നിത്യയൗവനത്തിൽ നിലനില്ക്കുമെന്നത് തീർച്ചയാണ്. വിശുദ്ധ ജോൺപോൾ രണ്ടാമന്റെ വാക്കുകളിൽ പറഞ്ഞാൽ "മിഷൻ വിശ്വാസത്തെ പുനർജീവിപ്പിക്കുന്നു" (രക്ഷകന്റെ മിഷൻ 2). യുവജനതയോട് വലിയ സ്നേഹവും താത്പര്യവും കാണിച്ചിരുന്ന മാർപാപ്പയാണല്ലോ അദ്ദേഹം.

വരുന്ന മിഷൻമാസമായ ഒക്ടോബറിൽ ഒരു സൂനഹദോസ് റോമിൽ വച്ചു നടത്തും. കർത്താവായ യേശു, യുവജനങ്ങളേ, നിങ്ങളോടും, നിങ്ങളിലൂടെ എല്ലാ ക്രൈസ്തവ സമൂഹങ്ങളോടും, വിശ്വാസത്തെ കൂടുതൽ പൂർണമായി ഗ്രഹിക്കാൻ കർത്താവായ യേശുവിന് പറയാനുള്ളത് എന്താണെന്ന് വിശ്വാസത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കാനുള്ള ഒരു അവസരമാകും അത്.

### ജീവിതം ഒരു മിഷനാണ്

ഓരോ സ്ത്രീയും പുരുഷനും മിഷനാണ്. ഈ ലോകത്തിലുള്ള നമ്മുടെ ജീവിതത്തിന്റെ കാരണം അതാണ്. *ആകർഷിക്കപ്പെടുക, അയയ്ക്കപ്പെടുക* എന്നീ രണ്ടു കാര്യങ്ങൾ നമ്മുടെ ഹൃദയത്തിൽ സ്നേഹത്തിന്റെ ആന്തരിക ശക്തികളായി നമുക്ക് അനുഭവപ്പെടും - പ്രത്യേകിച്ച് ചെറുപ്പത്തിൽ. അവ നമ്മുടെ ഭാവിയ്ക്ക് വാഗ്ദാനവും ജീവിതത്തിന് മാർഗദർശനവും നല്കുന്നു. ജീവന്റെ ശക്തി നമ്മിൽ പ്രവേശിക്കുകയും, ആകർഷിക്കുകയും ചെയ്യുന്നതായി മറ്റുള്ള ആരെയുംകാൾ കൂടുതലായി യുവജനങ്ങൾക്കു തോന്നും. ലോകത്തോട് നമുക്കുള്ള ഉത്തരവാദിത്വം സന്തോഷപൂർവ്വം ജീവിക്കുകയെന്നത് വലിയൊരു വെല്ലുവിളിയാണ്. യൗവനത്തിന്റെ പ്രകാശത്തെയും നിഴലുകളെയുംകുറിച്ച് എനിക്ക് നന്നായിട്ട് അറിയാം. ഞാൻ എന്റെ യൗവനകാലത്തെയും എന്റെ കുടുംബത്തെയും പറ്റി ചിന്തിക്കുമ്പോൾ കൂടുതൽ നല്ല ഭാവിക്കുവേണ്ടിയുള്ള എന്റെ പ്രത്യാശയുടെ ശക്തി ഞാൻ ഓർമിക്കുന്നു. നമ്മുടെതന്നെ തിരഞ്ഞെടുപ്പുകൊണ്ടല്ല നമ്മൾ ഈ ലോകത്തിലായിരിക്കുന്നത്. നമുക്ക് മുമ്പേയുള്ള ഒരു പ്രാരംഭശക്തിയുണ്ടെന്നും അത് നമുക്ക് അസ്തിത്വം നല്കുന്നുവെന്നുമുള്ള ബോധം, ആ വസ്തുത നമുക്കു നല്കുന്നു. നമ്മിൽ ഓരോരുത്തരും ഈ വസ്തുതയെക്കുറിച്ചു ചിന്തിക്കണം: "ഞാൻ ഈ ലോകത്തിൽ ഒരു മിഷനാണ്. ഞാൻ ഈ ലോകത്തിലായിരിക്കുന്നതിന്റെ കാരണം അതാണ്" (സുവിശേഷത്തിന്റെ സന്ദേശം 273).

### നാം യേശുക്രിസ്തുവിനെ പ്രഘോഷിക്കുന്നു

സഭ താൻ സൗജന്യമായി സ്വീകരിച്ചത് പ്രഘോഷിക്കുന്നു (cf മത്താ 10:8; അപ്പ 3:6). അങ്ങനെ ചെയ്തുകൊണ്ട്, നമ്മുടെ ജീവിതത്തിന് ഈ ലോകത്തിൽ അർഥം നല്കുന്ന വഴിയും, സത്യവും യുവജനമായ നിങ്ങളുമായി പങ്കുവയ്ക്കാൻ കഴിയും. സത്യത്തിന്റേതും നിറവേറലിന്റേതുമായ ഈ സന്ദേശം കണ്ടെത്താനും, പ്രഘോഷിക്കാനും നമുക്കുവേണ്ടി മരിക്കുകയും ഉയിർക്കുകയും ചെയ്ത യേശുക്രിസ്തു നമ്മുടെ സ്വാതന്ത്ര്യത്തോട് ആവശ്യപ്പെടുകയും നമ്മെ വെല്ലുവിളിക്കുകയും ചെയ്യുന്നു. പ്രിയ യുവജനമേ, ക്രിസ്തുവിനെയും, സഭയെയും ഭയപ്പെടേണ്ട. എന്തെന്നാൽ, ജീവിതത്തെ സന്തോഷംകൊണ്ടു നിറയ്ക്കുന്ന നിധി അവിടെ നമ്മൾ കണ്ടെത്തുന്നു. എന്റെ അനുഭവത്തിൽ നിന്നു തന്നെ ഇക്കാര്യം നിങ്ങളോടു പറയാൻ എനിക്ക് സാധിക്കും. വിശ്വാസത്തിന്റെ സഹായത്താൽ എന്റെ സ്വപ്നങ്ങളുടെ തീർച്ചയുള്ള അടിസ്ഥാനവും അവയെ യാഥാർഥ്യമാക്കാൻ വേണ്ട ശക്തിയും ഞാൻ കണ്ടെത്തി.

നമ്മുടെ അനേകം സഹോദരങ്ങളുടെ മുഖങ്ങൾ വലിയ സഹനവും ദാരിദ്ര്യവും കൊണ്ട് വികലമാക്കപ്പെട്ടതായി ഞാൻ കണ്ടിട്ടുണ്ട്. എന്നാലും യേശുവിന്റെയടുത്തു നില്ക്കുന്നവർക്കു തിന്മ തന്നെ വലിയ

സ്നേഹത്തിനുള്ള പ്രചോദനമാണ്. സുവിശേഷത്തോടുള്ള സ്നേഹം കൊണ്ട് അനേകം സ്ത്രീപുരുഷന്മാരും അനേകം യുവജനങ്ങളും ഉദാരതയോടെ തങ്ങളെത്തന്നെ ബലികഴിച്ചിട്ടുണ്ട് - ചിലപ്പോൾ രക്തസാക്ഷികളാകുകപോലും ചെയ്തിട്ടുണ്ട്. യേശുവിന്റെ കുരിശിൽ നിന്ന് ആത്മബലിയുടെ യുക്തി നാം പഠിക്കുന്നു (cf 1 കോറി 1:17-25). ലോകത്തിന്റെ ജീവനുവേണ്ടിയുള്ള സുവിശേഷപ്രഘോഷണമാണത് (cf യോഹ 3:16). ക്രിസ്തുവിനോടുള്ള സ്നേഹാഗ്നിയാൽ കത്തിക്കപ്പെടുക ആ അഗ്നിയാൽ വിഴുങ്ങപ്പെടുക അതിന്റെ പ്രകാശത്താൽ മനസ്സിലാക്കൽ പ്രക്രിയയിൽ വളരുക അതിന്റെ സ്നേഹത്താൽ ചൂടുള്ളവരായിരിക്കുക (cf 2 കോറി 5:14). ദൈവത്തിന്റെ വിസ്തൃത ചക്രവാളത്തിലേക്ക് നമ്മെ തുറക്കുന്ന വിശുദ്ധരുടെ പാഠശാലയിലേക്ക് ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. "ക്രിസ്തു എന്റെ സ്ഥാനത്തായിരുന്നെങ്കിൽ അവിടുന്ന് എന്തു ചെയ്യുമായിരുന്നു?" എന്ന വിസ്മയത്തിൽ നിർത്താതിരിക്കാനാണ് ഞാൻ ക്ഷണിക്കുന്നത്.

**വിശ്വാസത്തെ ലോകത്തിന്റെ അതിരുകളിലേക്ക് പകരുക**

യുവസുഹൃത്തുക്കളേ, നിങ്ങളും മാമ്മോദീസ വഴി സഭയുടെ ജീവിക്കുന്ന അംഗങ്ങളായി. അതോടെ എല്ലാവർക്കും സുവിശേഷം എത്തിച്ചു കൊടുക്കാനുള്ള ദൗത്യം നമ്മൾ സ്വീകരിച്ചിട്ടുണ്ട്. നിങ്ങൾ ജീവിതത്തിന്റെ പടിവാതുക്കലാണ്. സഭയുടെ കൂദാശകൾ, നമുക്ക് നല്കപ്പെട്ട വിശ്വാസത്തിന്റെ കൃപാവരത്തിൽ വളരുന്നതിന്, സാക്ഷികളുടെ മഹത്തായ പ്രവാഹത്തിലേക്ക് നമ്മെ മുക്കുന്നു. തലമുറതോറും കൂടുതൽ പ്രായമുള്ളവരുടെ ജ്ഞാനവും, അനുഭവവും, ഭാവിയിലേക്ക് നോക്കുന്നവർക്ക് സാക്ഷ്യവും, പ്രോത്സാഹനവുമായിത്തീരാൻ ആ സാക്ഷികൾ ശക്തി നല്കും. ജീവിതയാത്രയുടെ അന്തിമഘട്ടത്തിലേക്കു അടുക്കുന്നവർക്ക് യുവജനത്തിന്റെ നവീനതയും ആവേശവും പിന്തുണയുടെയും പ്രത്യാശയുടെയും ഉറവിടമാക്കിമാറ്റും. ജീവിതത്തിലെ വ്യത്യസ്ത ഘട്ടങ്ങളുടെ ഈ ഇണക്കിച്ചേർക്കലിൽ സഭയുടെ മിഷൻ തലമുറകൾ തമ്മിലുള്ള പാലം പണിയും. നമ്മുടെ ദൈവവിശ്വാസവും അയൽക്കാരനോടുള്ള സ്നേഹവും അഗാധമായ ഐക്യത്തിന്റെ ഉറവിടമാകും.

വിശ്വാസത്തിന്റെ ഈ പകർന്നു നല്കൽ സഭയുടെ മിഷന്റെ കേന്ദ്രമാണ്. പകരാനുള്ള സ്നേഹത്തിന്റെ കഴിവിൽ നിന്നാണ് അത് ഉദ്ഭവിക്കുന്നത്. അവിടെ സന്തോഷവും ആവേശവും ജീവിതത്തിൽ





പുതുതായി കണ്ടെത്തിയ അർഥത്തിന്റെയും, നിറവേറലിന്റെയും പ്രകടനമായിത്തീരുന്നു. ആകർഷണം വഴിയുള്ള വിശ്വാസത്തിന്റെ വ്യാപനത്തിന് തുറവുള്ളതും സ്നേഹത്താൽ വികസിക്കപ്പെട്ടതുമായ ഹൃദയങ്ങൾ വേണം. സ്നേഹത്തിന് അതിരുകല്പിക്കാൻ സാധ്യമല്ല. കാരണം, അത് മരണത്തെപ്പോലെ ശക്തമാണ് (cf ഉത്തമഗീതം 8:6). കണ്ടുമുട്ടൽ, സാക്ഷ്യം, പ്രഘോഷണം എന്നിവയെ ആ വ്യാപനം ഉത്പാദിപ്പിക്കുന്നു. വിശ്വാസത്തിൽ നിന്ന് അകലെയായിരിക്കുന്നവരും, നിസ്സംഗരായിരിക്കുന്നവരും ശത്രുതയോടെ വിശ്വാസത്തെ എതിർക്കുന്നവരുമായ എല്ലാവരുമായി, പരസ്നേഹത്തിൽ പങ്കുവയ്ക്കലിനെ ജനിപ്പിക്കുന്നു. യേശുവിന്റെ സുവിശേഷവും സഭയുടെ കൗദാശിക സാന്നിധ്യവും ഇനിയും അറിയാത്ത മാനുഷിക-സാംസ്കാരിക-മതാത്മക പരിതസ്ഥിതികളാണ് അങ്ങേയറ്റത്തെ അരികുകൾ അഥവാ ലോകത്തിന്റെ അതിരുകൾ. ആ അതിരുകളിലേക്ക് ഒന്നാമത്തെ ഈസ്റ്റർ മുതൽ ക്രിസ്തു തന്റെ പ്രേഷിതശിഷ്യരെ അയച്ചു. അവരുടെ കർത്താവ് എപ്പോഴും അവരുടെ കൂടെ ഉണ്ടായിരിക്കുമെന്ന തീർച്ചയോടെയാണ് അയച്ചത് (cf മത്താ 28:20; അപ്പ 1:8). "ജാതികളിലേക്കുള്ള പ്രേഷിതത്വം" എന്ന് നാം വിളിക്കുന്നത് ഇതിനെയാണ്. ഏറ്റവും ജീർണിച്ച അതിര് യേശുവിനെ ആവശ്യമുള്ള മനുഷ്യവർഗം വിശ്വാസത്തോട് നിസ്സംഗത പുലർത്തുന്ന സ്ഥലമാണ്. അല്ലെങ്കിൽ ദൈവത്തിലുള്ള ജീവന്റെ പൂർണതയോട് വിദ്വേഷം പ്രകടിപ്പിക്കുന്നിടമാണ്. ഭൗമികവും ആദ്ധ്യാത്മികവുമായ എല്ലാ ദാരിദ്ര്യവും നമ്മുടെ സഹോദരീസഹോദരന്മാരോട് കാണിക്കുന്ന വിവേചനത്തിന്റെ ഓരോ രൂപവും എപ്പോഴും ദൈവത്തെയും അവിടത്തെ സ്നേഹത്തെയും തള്ളിക്കളയുന്നതിന്റെ ഫലമായിട്ട് ഉണ്ടാകുന്നതാണ്.

പ്രിയ യുവജനമേ, ലോകത്തിന്റെ അതിരുകൾ ഇക്കാലത്ത് തികച്ചും ആപേക്ഷികമാണ്. മിക്കപ്പോഴും എളുപ്പത്തിൽ കപ്പൽ സഞ്ചാരം ചെയ്യാവുന്നതുമാണ്. ഡിജിറ്റൽ ലോകം - ഏറെ വ്യാപകവും സുലഭവുമായ സാമൂഹിക നെറ്റുവർക്കുകൾ അതിരുകളെ ഇല്ലാതാക്കുന്നു. അകലം ഇല്ലാതാക്കുന്നു. വ്യത്യാസങ്ങൾ കുറയ്ക്കുന്നു. എല്ലാം കൈയെത്തുന്നിടത്ത് ഉള്ളവയായി ഏറ്റവും അടുപ്പത്തിലുള്ളതായി, നേരിട്ടു കിട്ടുന്നതായി തോന്നുന്നു. എന്നാലും അനേകം ബന്ധപ്പെടലുകൾ നമുക്ക് ഉണ്ടാകുന്നുണ്ടെങ്കിലും ജീവന്റെ യഥാർഥ കൂട്ടായ്മയിൽ ഒരിക്കലും പങ്കുചേരുന്നില്ലെന്നു വരാം. നമ്മുടെ ജീവിത

ത്തിന്റെ ആത്മാർഥമായ ദാനമില്ലാത്തതുകൊണ്ടാണത്. ലോകത്തിന്റെ അതിർത്തികൾവരെ മിഷനിൽ പങ്കുചേരുകയെന്നത്, ദൈവം നമുക്കു തന്ന വിളിയിൽ നമ്മെത്തന്നെ ദാനമായി നല്കുകയെന്നത്, ആവശ്യമാണ്. ദൈവമാണല്ലോ നമ്മെ ഈ ഭൂമിയിൽ സ്ഥാപിച്ചത് (cf ലൂക്കാ 9:23-25). യേശുക്രിസ്തുവിനെ അനുഗമിക്കാൻ ആഗ്രഹിക്കുന്ന ഏതു യുവാവിനെയും യുവതിയെയും സംബന്ധിച്ചിടത്തോളം ഏറ്റവും സത്താപരമായിട്ടുള്ളത് സ്വന്തം വിളി അന്വേഷിക്കുകയും കണ്ടെത്തുകയും അതിൽ നിലനില്ക്കുകയും ചെയ്യുകയെന്നതാണ് എന്നു ഞാൻ ഉറപ്പിച്ചു പറയുന്നു.

**സ്നേഹത്തിനു സാക്ഷ്യം വഹിച്ചുകൊണ്ട്**

തന്റെ സഭയിൽ വസിക്കുന്ന യേശുവിനെ വ്യക്തിപരമായി കണ്ടുമുട്ടുവാൻ നിങ്ങൾക്ക് സാധ്യത നല്കുന്ന സഭാത്മകഗ്രൂപ്പുകളായിട്ടുള്ള ഇടവകകൾ, സംഘടനകൾ, പ്രസ്ഥാനങ്ങൾ, സന്ന്യസ്ത സമൂഹങ്ങൾ എന്നിവരോടും മിഷനറിസേവനത്തിന്റെ വിവിധപ്രകാശനങ്ങളോടും എനിക്കു നന്ദിയുണ്ട്. എത്രയോ യുവജനങ്ങൾ പ്രേഷിതത്വ സന്നദ്ധസേവനത്തിൽ നമ്മുടെ സഹോദരീസഹോദരന്മാരിൽ "ഏററവും എളിയവരെ" സേവിക്കാനുള്ള മാർഗം കണ്ടെത്തുന്നുണ്ട് (cf മത്താ 25:40). അവർ മനുഷ്യമഹത്ത്വത്തെ വളർത്തുന്നു. സ്നേഹത്തിന്റെ സന്തോഷത്തിനും ക്രിസ്ത്യാനിയായിരിക്കുന്നതിലുള്ള സന്തോഷത്തിനും അവർ സാക്ഷ്യം വഹിക്കുന്നു. സഭാത്മകമായ ഈ അനുഭവങ്ങൾ യുവജനങ്ങളെ പ്രൊഫഷണൽ വിജയത്തിനായി മാത്രമല്ല പിന്നെയോ, മറ്റുള്ളവർക്കു സേവനം ചെയ്യാൻ ദൈവം നല്കിയ ദാനങ്ങളെ വികസിപ്പിക്കുകയും വളർത്തുകയും പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നുണ്ട്. താത്കാലിക മിഷനറി സേവനത്തിൽ പ്രശംസനീയമായ ഈ രൂപങ്ങൾ ഫലപൂർണമായ ആരംഭമാണ്. വിളിപരമായ തിരിച്ചറിവിലൂടെ നിങ്ങളെ സഹായിക്കാൻ- മിഷനറിമാരായി ജീവിതം മുഴുവൻ സമർപ്പിക്കാൻ സഹായിക്കുന്നതിന്- അവയ്ക്ക് കഴിയും.

പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ യുവഹൃദയങ്ങളിൽ നിന്നാണു ജനിച്ചത്. ഓരോ ജനതയോടും സുവിശേഷ പ്രസംഗം നടത്താനുള്ള പിന്തുണയുടെ മാർഗമാണത്. സത്യം അറിയാൻ ദാഹിക്കുന്ന എല്ലാവർക്കും മാനുഷികവും സാംസ്കാരികവുമായ വളർച്ചയ്ക്കായി സഹായം ചെയ്യുവാനാണത്. പൊന്തിഫിക്കൽ മിഷൻ





സൊസൈറ്റിയിലൂടെ പ്രാർഥനയും ഭൗതികസഹായങ്ങളും ഉദാരതയോടെ നല്കപ്പെടുകയും വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. വ്യക്തിപരമായ കാര്യങ്ങളിൽ സഹായിക്കപ്പെടുന്നവർ അവരുടെ അനുദിന ജീവിത സാഹചര്യങ്ങളിൽ സുവിശേഷത്തിനു സാക്ഷ്യം വഹിക്കാൻ കഴിവുള്ളരാകുമെന്ന് പരിശുദ്ധ സിംഹാസനത്തിന് ഉറപ്പുണ്ടാകാൻ ആ സൊസൈറ്റികൾ സഹായിക്കുന്നു. തങ്ങൾക്ക് ഉള്ളത് എന്നതിനെക്കാൾ തങ്ങൾ ആയിരിക്കുന്നതെന്തോ അത് ഒന്നാമതായി നല്കാൻ കഴിയാത്തവിധം ദരിദ്രനായി ആരുമില്ല. ചിലിയിലെ യുവജനത്തോട് ഞാൻ പറഞ്ഞ പ്രോത്സാഹനകരമായ വാക്കുകൾ ആവർത്തിക്കട്ടെ: "ഒന്നും കൊടുക്കാനില്ലെന്നോ ആർക്കും നിങ്ങളെക്കൊണ്ട് ആവശ്യമില്ലെന്നോ നിങ്ങൾ ഒരിക്കലും വിചാരിക്കരുത്. ഏറെ ആളുകൾക്ക് നിങ്ങളെക്കൊണ്ട് ആവശ്യമുണ്ട്. ഇതിനെപ്പറ്റി ചിന്തിക്കുക! നിങ്ങളിൽ ഓരോ വ്യക്തിയും ഹൃദയത്തിൽ ഇങ്ങനെ ചിന്തിക്കണം: അനേകർക്ക് ആവശ്യമുള്ള ആളാണ് ഞാൻ" (യുവജനങ്ങളെ കണ്ടുമുട്ടൽ, മയ്പൂഷ്റൈൻ, 17 ജനുവരി 2018).

പ്രിയ യുവജനമേ, മിഷനുകളുടെ മാസമായ ഈ ഒക്ടോബർ മാസത്തിൽ നിങ്ങൾക്കായുള്ള സൂനഹദോസു നടത്തും. യേശുവിനും ലോകത്തിന്റെ അതിർത്തികൾ വരെയുള്ള അവിടത്തെ മിഷനും വികാരാവേശത്തോടെ കൂടുതൽ സമർപ്പിതരായ മിഷനറി ശിഷ്യന്മാരാകാൻ ഒരിക്കൽ കൂടി നമ്മെ സഹായിക്കുന്ന ഒരവസരമായിരിക്കും അത്. നമുക്ക് എല്ലാവർക്കും വേണ്ടി മാധ്യസ്ഥ്യം വഹിക്കാനും എപ്പോഴും നമ്മോടൊപ്പം ഉണ്ടായിരിക്കാനും ശ്ലീഹന്മാരുടെ രാജ്ഞിയായ മറിയത്തോടും വിശുദ്ധ ഫ്രാൻസിസ് സേവ്യറിനോടും വിശുദ്ധ കൊച്ചുത്രേസ്യായോടും വാഴ്ത്തപ്പെട്ട പാവുളോ മന്നായോടും ഞാൻ അപേക്ഷിക്കുന്നു.

എന്ന്,

വത്തിക്കാനിൽനിന്ന്, 2018 മെയ് 20 പെന്തക്കുസ്താ തിരുനാൾ ദിവസം

**ഫ്രാൻസിസ് മാർപാപ്പാ**

NB: ഈ സർക്കുലർ 2018 ഒക്ടോബർ 21-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

# രൂപതക്കച്ചേരി

**C. 73/2018 രൂപതാ പ്രാർത്ഥനാദിനം**

സഭയും സമൂഹവും പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന ഈ കാലഘട്ടത്തിൽ ദൈവത്തിൽ ആശ്രയിച്ച് മാത്രമേ നമുക്ക് മുന്നോട്ട് പോകുവാൻ സാധിക്കുകയുള്ളൂ. പ്രകൃതി ദുരന്തങ്ങളെയും വിശ്വാസവെല്ലുവിളികളെയും അതിജീവിക്കുവാൻ ദൈവത്തിന്റെ ഇടപെടൽ ഏറെ ആവശ്യമാണ്. തിന്മയുടെ ശക്തികൾ പല രൂപത്തിൽ നമ്മെ ആക്രമിച്ചുകൊണ്ടിരിക്കുന്നു. തിന്മയെ അതിജീവിക്കുവാൻ പ്രാർത്ഥനയും ഉപവാസവും അനിവാര്യമാണെന്ന് ഈശോ അരുളിച്ചെയ്തിട്ടുണ്ടല്ലോ. ഒരുമിച്ചുള്ള പ്രാർത്ഥന ഏറെ അനുഗ്രഹദായകമാണെന്ന് നാം അനുഭവത്തിലൂടെ മനസ്സിലാക്കിയിട്ടുണ്ട്. ആഗസ്റ്റ് മാസത്തിൽ നടന്ന പ്രസ്ബിറ്ററൽ കൗൺസിൽ യോഗം ഈ കാര്യം ചർച്ച ചെയ്യുകയും കുടുംബങ്ങളുടെയും രൂപതയുടെയും നാടിന്റെയും വിശുദ്ധീകരണത്തിനായി മാസത്തിൽ ഒരു ദിവസം രൂപതാതല പ്രാർത്ഥനാദിനമായി ആചരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

അപ്രകാരം ആദ്യത്തെ പ്രാർത്ഥനാദിനം സെപ്തംബർ 21-ാം തീയതി കത്തീഡ്രലിൽ നടത്തി. രാവിലെ 7 മണിക്ക് വി. കുർബാനയോടെ ആരംഭിച്ച് വൈകിട്ട് ഏഴുമണിക്ക് പൊതു ആരാധനയോടെ സമാപിച്ചു. നമ്മുടെ രൂപതയിൽ 12 ഫൊറോനകൾ ഉള്ളതുകൊണ്ട് ഓരോ മാസവും ഓരോ ഫൊറോനയിൽ മാറി മാറി ഈ പ്രാർത്ഥനാദിനം നടത്തുന്നത് കൂടുതൽ സൗകര്യപ്രദമാണല്ലോ. പ്രാർത്ഥനാദിനത്തിന്റെ സ്ഥലവും തീയതിയും ദൈവരാജ്യത്തിലൂടെ അറിയിക്കുന്നതാണ്. രൂപതയുടെ പൊതുപ്രാർത്ഥനാദിനമായതുകൊണ്ട് എല്ലാ ഇടവകകളിൽ നിന്നും കുറച്ചുപേർ വീതമെങ്കിലും പങ്കെടുക്കുന്നത് ഉചിതമാണ്. പ്രാർത്ഥന നടത്തുന്ന ഫൊറോനയിലെ ഇടവകകളിൽ നിന്ന് കൂടുതൽ ആളുകളെ പ്രതീക്ഷിക്കുന്നു. രൂപതയിലെ വിവിധഭക്തസംഘടനകളിലെ അംഗങ്ങൾ ഒരുമിച്ച് കൂടുന്നതിനുള്ള അവസരം കൂടിയാണല്ലോ ഈ പ്രാർത്ഥനാദിനം. വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്നതിനും കുമ്പസാരിക്കുന്നതിനും ആരാധനയിൽ പങ്കെടുക്കുന്നതിനും സൗകര്യമുണ്ടാകും. ആരാധനാ മണിക്കൂറുകൾ സജീവമാക്കാൻ വേണ്ട ക്രമീകരണങ്ങൾ ഫൊറോനാ വികാരിമാരുടെയും ഫൊറോനയിലെ മറ്റ് ഇടവകവികാരിമാരുടെയും നേതൃത്വത്തിൽ നടത്തേണ്ടതാണ്.

NB. ഒക്ടോബർ മാസത്തിലെ രൂപതാ പ്രാർത്ഥനാദിനം **ആരക്കുഴ സെന്റ് മേരീസ് പള്ളിയിൽ ഒക്ടോബർ 12-ാം തീയതി വെള്ളിയാഴ്ച രാവിലെ 7 മണിമുതൽ വൈകിട്ട് 7 മണിവരെ നടത്തുന്നതാണ്.**

ഒക്ടോബർ 7-ാം തീയതി കുർബാനമദ്ധ്യേ ഇത് വായിക്കേണ്ടതാണ്.

*Bishop*





**C. 74/2018 Monthly Recollection for Priests**

Read in common Nos. 681-690 of the Catechism of the Catholic Church.

*Protosyncellus*

**C. 75/2018 മിഷൻ ഞായർ**

ഒക്ടോബർ 28-ാം തീയതി ആഗോളതലത്തിൽ മിഷൻ ഞായർ ആഘോഷിക്കുകയാണല്ലോ. സ്വഭാവത്താൽതന്നെ പ്രേഷിതയായ സഭയിൽ ഈശോമിശിഹായുടെ പ്രേഷിതരാണ് നാമോരോരുത്തരുമെന്ന സത്യം നമ്മെ അനുസ്മരിപ്പിക്കുകയും പ്രാർത്ഥന, ധനസഹായം, പരിത്യാഗപ്രവൃത്തികൾ എന്നിവവഴി മിഷൻപ്രവർത്തനങ്ങളെ സഹായിക്കാൻ നമുക്ക് കടമയുണ്ടെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്യുന്ന അവസരമാണ് മിഷൻ ഞായർ. മിഷൻരംഗത്ത് പീഡനം അനുഭവിക്കുന്ന നമ്മുടെ പ്രേഷിതരെ പ്രാർത്ഥനയും പ്രോത്സാഹനവും വഴി നമുക്ക് സഹായിക്കാം.

*Chancellor*

**C. 76/2018 ഒക്ടോബർ മാസത്തിലെ ജപമാല**

ജപമാല മാസമായ ഒക്ടോബർ മാസം കുടുംബങ്ങളിലെന്നപോലെ കുടുംബക്കൂട്ടായ്മകളിലും ഇടവകകളിലും ആഘോഷമായി ജപമാല ചൊല്ലുന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

*Chancellor*

**C. 77/2018 അജപാലനസന്ദർശനം**

ഒക്ടോബർ 21 - കോടിക്കുളം
നവംബർ 4 - മാതിരപ്പിള്ളി

*Chancellor*

**C. 78/2018 കുർബാനക്കണക്കും കുമ്പസാരപത്തേന്തിയും**

പരിശോധനയ്ക്കായി കുർബാന കണക്കും, പുതുക്കുന്നതിനായി കുമ്പസാരപത്തേന്തിയും ഏല്പിച്ചിട്ടില്ലാത്ത വൈദികർ എത്രയും വേഗം അത് രൂപതാകേന്ദ്രത്തിൽ എത്തിക്കുമല്ലോ.

*Chancellor*

**C. 79/2018 കുർബാന നിയോഗങ്ങൾ**

സെപ്റ്റംബർ മാസത്തിലെ ധ്യാനത്തിൽ പങ്കെടുക്കാത്തവർ താഴെ പറയുന്ന നിയോഗങ്ങളിൽ കുർബാന അർപ്പിക്കണമെന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു. ഇത് ബൈനേഷൻ കുർബാനയല്ല എന്ന കാര്യം പ്രത്യേകം ഓർക്കുമല്ലോ.

രൂപതയിലെ വൈദികർക്കായി – 1
അഭിവന്ദ്യ പിതാവിന്റെ നിയോഗങ്ങൾക്കായി – 4
(ഉപവി പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നതിന്).

Chancellor

*C. 80/2018* **മെഡിക്കൽ ബിൽ**

പതിനായിരം രൂപയുടെ മുകളിലുള്ള മെഡിക്കൽ ബില്ലുകൾ ബാങ്ക് അക്കൗണ്ട് വഴി മാത്രമേ നൽകുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ പതിനായിരം രൂപയ്ക്കു മുകളിൽ ബിൽ നൽകുന്ന ബഹു. വൈദികർ താഴെ പറയുന്ന ബാങ്ക് വിവരങ്ങൾ നൽകേണ്ടതാണ്.

1 Name of the Account Holder
2 Account Number
3 Name of the Bank, Branch
4 IFSC Code

Procurator

*C. 81/2018* **Flood Relief Fund Collection From Parishes (Continue...)**

| | | |
|---|---|---|
| 1 | Anchiri | 11500 |
| 2 | Cheppukulam | 35500 |
| 3 | Kulappuram | 13050 |
| 4 | Mailacombu | 150000 (Additional) |
| 5 | Mulappuram | 8670 |
| 6 | Nadukani | 11153 |
| 7 | Neriamangalam | 9510 |
| 8 | Neyyassery | 50000 |
| 9 | Pothanikad | 40000 |
| 10 | Vadattupara | 18000 |

Procurator

## മൈനർ സെമിനാരി

*MS 24 /2018* **ദൈവവിളി സെമിനാർ**

സെപ്റ്റംബർ 20-ാം തീയതി മൈനർ സെമിനാരിയിൽ വച്ച് 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ദൈവവിളി സെമിനാർ നടത്തി. റവ. ഫാ. സെബാസ്റ്റ്യൻ വലിയതാഴത്ത്, റവ. ഫാ. ജെയിംസ് ചൂരത്തൊട്ടി, റവ. ഫാ. പോൾ കളത്തൂർ, പ്രൊഫ. ജെന്നി കെ. അലക്സ്





എന്നിവർ ക്ലാസ്സുകൾ നയിച്ചു. ക്യാമ്പിലേക്ക് കുട്ടികളെ പറഞ്ഞയച്ച ബഹു. വൈദികർക്ക് പ്രത്യേകം നന്ദി.

*MS 25 /2018* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | Mary George Vadakkekudy, Neriamangalam | ₹ | 10000 |
| 2 | Joy Varghese Madeckal, Muvattupuzha | ₹ | 10000 |
| 3 | John Tharian Elenjickal, Inchoor | ₹ | 5000 |
| 4 | St. Mary's Forane Church, Karimannoor | ₹ | 55000 |

Rector

## വിജ്ഞാനഭവൻ

*V. 103/2018* **ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 7-ന്**

ഈ വർഷത്തെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 7 ഞായറാഴ്ചയായിരിക്കും നടത്തുക. ചോദ്യപേപ്പറിൽ തന്നെയാണ് ഉത്തരം എഴുതേണ്ടത്.

I മുതൽ X വരെയുള്ള ക്ലാസ്സുകളിൽ ഒന്നാം പാഠം മുതൽ ഏഴാം പാഠം വരെയും XI, XII ക്ലാസ്സുകളിൽ ഒന്നു മുതൽ ആറു വരെയുമുള്ള പാഠങ്ങളുമാണ് ഈ പരീക്ഷയ്ക്ക് പഠിക്കേണ്ടത്. അതാത് ക്ലാസ്സുകളിൽ പഠിക്കേണ്ട വിശുദ്ധരെ സംബന്ധിച്ചും, നമസ്കാരങ്ങളെ സംബന്ധിച്ചും, ബൈബിൾ ഭാഗങ്ങളിൽ നിന്നും, പൊതുവിജ്ഞാനത്തിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും. ചോദ്യപേപ്പറുകൾ ഒക്ടോബർ 6-ാം തീയതി മേഖലാകേന്ദ്രങ്ങളിൽനിന്ന് ലഭിക്കുന്നതാണ്.

Std. I - IX Classes 11.00 am -1.00 pm

Std X, XI, XII Classes 2.00 pm - 4.00 pm

**X, XII ക്ലാസ്സുകളിലെ മൂല്യനിർണ്ണയം നടത്തിയ പേപ്പറുകളും മാർക്കെഴുതിയ B list -ഉം മേഖലാ കേന്ദ്രത്തിൽ നവംബർ 2 വെള്ളിയാഴ്ച മാത്രം എത്തിക്കുക.** വിജ്ഞാനഭവൻ ഓഫീസിൽ മറ്റു ദിവസങ്ങളിലും ഉത്തരക്കടലാസുകൾ സ്വീകരിക്കുന്നതാണ്.

NB. 1, 2 ക്ലാസ്സുകളിൽ എഴുത്ത് പരീക്ഷ ഉണ്ടായിരിക്കുന്നതല്ല. ചോദ്യപരീക്ഷയായിരിക്കും.

*V. 104/2018* **വിശ്വാസപരിശീലകർക്കുള്ള ക്വിസ് മത്സരം–ഒക്ടോബർ 14**

**ഇടവകതലം** : **2018 ഒക്ടോബർ 14 ഞായർ**
**സമയം** : **12.00 noon - 1.00 p.m.** (അതാത് ഇടവകകളിൽ).
**രൂപതാതലം** : **2018 ഡിസംബർ 8 ശനി**
**സമയം** : **10.30 a.m. - 12.00 noon.**
**സ്ഥലം** : **വിജ്ഞാനഭവൻ**

*V. 105/2018* **Std VIII – കുട്ടികൾക്കായി ഏകദിനസെമിനാർ**

ഈ വർഷം മുതൽ 8-ാം ക്ലാസ്സിലെ കുട്ടികൾക്കായി ഏകദിന സെമിനാർ ഫൊറോനാതലത്തിൽ സംഘടിപ്പിക്കുകയാണ്. ലൈംഗികവിദ്യാഭ്യാസം, ജീവിതമര്യാദകൾ എന്നീ വിഷയങ്ങളെ ആസ്പദമാക്കിയാണ് സെമിനാർ. നാല് സെന്ററുകളിൽ വച്ച് നവംബർ, ഡിസംബർ മാസങ്ങളിലെ ഞായറാഴ്ചകളിലാണ് സെമിനാർ നടത്തുന്നത്.

1. നവംബർ 18 ഞായർ – സെന്റ് ജോർജ് ഫൊറോന ചർച്ച്, വാഴക്കുളം (വാഴക്കുളം, മൂവാറ്റുപുഴ, ആരക്കുഴ ഫൊറോനകൾ)
2. നവംബർ 25 ഞായർ – സെന്റ് മേരീസ് ഫൊറോന ചർച്ച്, കരിമണ്ണൂർ (കരിമണ്ണൂർ, കാളിയാർ, മുതലക്കോടം ഫൊറോനകൾ)
3. ഡിസംബർ 2 ഞായർ – സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, തൊടുപുഴ (തൊടുപുഴ, മാറിക, മൈലക്കൊമ്പ് ഫൊറോനകൾ)
4. ഡിസംബർ 9 ഞായർ – സെന്റ് ജോർജ് കത്തീഡ്രൽ, കോതമംഗലം (കോതമംഗലം, ഊന്നുകൽ, പൈങ്ങോട്ടൂർ ഫൊറോനകൾ)

8-ാം ക്ലാസ്സിൽ പഠിപ്പിക്കുന്ന വിശ്വാസപരിശീലകർ അതാത് ഇടവകകളിൽ നിന്നും കുട്ടികളെ കൂട്ടിക്കൊണ്ടു വരണം എന്നഭ്യർത്ഥിക്കുന്നു. **സമയം : 9.30 മുതൽ 3.30 വരെ.** പുസ്തകം, പേന, നോട്ടുബുക്ക് എന്നിവ കൊണ്ടുവരേണ്ടതാണ്. ഉച്ചഭക്ഷണം നൽകുന്നതാണ്.

*V. 106/2018* **PTA സെമിനാർ**

ഈ വർഷത്തെ PTA സെമിനാർ ഒക്ടോബർ 28-ാം തിയതി ഞായറാഴ്ച നെസ്റ്റിൽ വച്ച് നടത്തപ്പെടുന്നതാണ്. PTA പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, MPTA മെമ്പർ എന്നിവർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഇവർക്ക് അസൗകര്യം ഉണ്ടെങ്കിൽ മറ്റു മെമ്പർമാരെ വിടാവുന്നതാണ്. സെമിനാർ രാവിലെ 9.30-ന് വി. കുർബാനയോടുകൂടി ആരംഭിച്ച് വൈകിട്ട് 3.30-ന് അവസാനിക്കുന്നതാണ്. പങ്കെടുക്കുന്ന എല്ലാവർക്കും ഉച്ചഭക്ഷണം ഉണ്ടായിരിക്കും. ഒക്ടോബർ 10-ന് മുമ്പായി പങ്കെടുക്കുന്നവരുടെ എണ്ണം നൽകേണ്ടതാണ്.





*V. 107 /2018* **SMC അവാർഡ് 2018–19 റീജണൽ തിരഞ്ഞെടുപ്പ്**

സീറോ മലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷൻ നടത്തുന്ന പ്രതിഭാ പുരസ്കാര അവാർഡിനായുള്ള പരിശീലന ക്യാമ്പിലേയ്ക്ക് രൂപതയിൽ നിന്നുള്ള സെലക്ഷൻ നടത്തുന്നു. വിശ്വാസപരിശീലനത്തിൽ XII-ാം ക്ലാസ്സിൽ മികവ് തെളിയിക്കുന്ന കുട്ടികളെ കണ്ടുപിടിച്ച് പ്രോത്സാഹിപ്പിക്കുകയും ആദരിക്കുകയും ചെയ്യുക എന്നതാണ് ലക്ഷ്യം. താഴെ പറയുന്ന ക്രമത്തിലായിരിക്കും അത് നടത്തുന്നത്.

**A ഇടവകതലം**

വിദ്യാർത്ഥിയുടെ വിശ്വാസപരിശീലനനിലവാരം, ധാർമ്മിക വീക്ഷണങ്ങൾ, വ്യക്തിഗത കഴിവുകൾ, സാമൂഹ്യപ്രതിബദ്ധത എന്നിവ കണക്കിലെടുത്ത് ഇടവകയിലെ മികച്ച രണ്ട് ആൺകുട്ടികളെയും രണ്ട് പെൺകുട്ടികളെയും തെരഞ്ഞെടുത്ത് വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടെ രൂപതാതലത്തിലേക്ക് അയയ്ക്കുന്നു. **രൂപതാകേന്ദ്രത്തിൽ സാക്ഷ്യപത്രം നൽകുന്നതിനുള്ള അവസാന തീയതി ഒക്ടോബർ 20 ആണ്.**

**B രൂപതാതലം**

രൂപതാതലത്തിൽ റിസോഴ്സ് ടീമിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ശില്പശാലയിൽനിന്നും തിരഞ്ഞെടുക്കപ്പെടുന്ന രണ്ട് ആൺകുട്ടികളെയും പെൺകുട്ടികളെയും രൂപതാ ഡയറക്ടറുടെ സാക്ഷ്യപത്രത്തോടുകൂടി സഭാതലത്തിലേക്ക് അയയ്ക്കുന്നു. രൂപതാതല സെമിനാർ 2018 നവംബർ 10-ാം തീയതി ശനിയാഴ്ച മൂവാറ്റുപുഴ NESTT-ൽ വച്ച് നടക്കുന്നതാണ്.

**C സഭാതലം**

രൂപതകളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടു വരുന്നവർക്കായി സഭാസമിതിയുടെ നേതൃത്വത്തിൽ പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നു.

N.B. **പ്രൈവറ്റ് രജിസ്ട്രേഷൻ ആയി പരീക്ഷ എഴുതുന്ന കുട്ടികളെ ക്യാമ്പിന് വിടേണ്ടതില്ല.**

**SMC അവാർഡ് രജിസ്ട്രേഷനുള്ള ഫോം ഫയലിൽ ഉണ്ട്.**

*V. 108/2018* **വിശ്വാസപരിശീലക ദിനം**

വിശ്വാസപരിശീലകരുടെ മധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾദിനം നവംബർ 4 ഞായറാഴ്ചയാണ്. അന്നേ ദിവസം വിശ്വാസപരിശീലക ദിനമായി ആചരിക്കാവുന്നതാണ്. വിശ്വാസപരിശീലകർക്കായി പ്രത്യേകം പ്രാർത്ഥിക്കുവാനും വിശ്വാസപരിശീലന ശുശ്രൂഷയുടെ ശ്രേഷ്ഠതയെക്കുറിച്ച് വിശ്വാസപരിശീലകരെയും മറ്റുള്ളവരെയും ബോധവത്കരിക്കാനുമുള്ള അവസരമായി ഇത് മാറണം. ഈ ദിവസം വിശ്വാസപരിശീലകർ തങ്ങളുടെ സമർപ്പണം നവീകരിക്കുന്നതും വിദ്യാർത്ഥികൾ തങ്ങളുടെ അദ്ധ്യാപകർക്ക് ആശംസകൾ നേരുന്നതും ഉചിതമാണ്.

*V. 109/2018* **ഓർഡർ ഫോം**

വിശ്വാസോത്സവം, സൺഡേ സ്കൂൾ, ഉപപാഠം, ബൈബിൾ നേഴ്സറി എന്നീ പുസ്തകങ്ങളുടെ ഓർഡർ ഫോം ഒക്ടോബർ 10-ാം തീയതിയ്ക്കകം വിജ്ഞാനഭവൻ ഓഫീസിൽ കിട്ടത്തക്ക രീതിയിൽ അയയ്ക്കണം. ഓൺലൈൻ വഴിയും അയയ്ക്കാവുന്നതാണ്. **10-ാം തീയതിക്കുശേഷം ലഭിക്കുന്ന ഓർഡറുകൾക്ക് കമ്മീഷൻ ലഭിക്കുന്നതല്ല.**

*V. 110/2018* **വിശ്വാസപരിശീലന രംഗത്ത് 10, 15, 20, 25, 30, 35, 40, 45, 50 വർഷം പൂർത്തിയാക്കുന്നവർ**

വിശ്വാസപരിശീലന രംഗത്ത് 10, 15, 20, 25, 30, 35, 40, 45, 50 വർഷം പൂർത്തിയായവർ തങ്ങളുടെ ഫയലിൽ തന്നിരിക്കുന്ന ഫോം പൂരിപ്പിച്ച് ഒക്ടോബർ 15-ന് മുമ്പ് വിജ്ഞാനഭവനിൽ എത്തിക്കേണ്ടതാണ്. പിന്നീട് കിട്ടുന്നത് ദൈവരാജ്യത്തിൽ ചേർക്കുവാൻ സാധിക്കുന്നതല്ല.

സർവീസ് ബുക്കിന്റെ കോപ്പി ഇല്ലാത്തവ സ്വീകരിക്കുന്നതല്ല. സർവീസ് ബുക്കിന്റെയോ കോപ്പിയിൽ ഫോട്ടോ പതിച്ച പേജ്, വികാരിയച്ചൻ ഒപ്പിട്ട പേജ് എന്നിവ ഉണ്ടായിരിക്കണം.

*V. 111 /2018* **വിശ്വാസപരിശീലകർക്കുള്ള ലേഖനമത്സരം**

**"ലൂക്കാ 2: 52"** എന്നതായിരിക്കും ലേഖനവിഷയം. ലേഖനം 15 പേജിൽ കവിയരുത്. ലേഖനങ്ങൾ രൂപതാ ഓഫീസിൽ എത്തി





ക്കേണ്ട അവസാനതീയതി 2018 ഒക്ടോബർ 30 ആണ്. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് സമ്മാനങ്ങൾ നല്കുന്നതാണ്. ബഹു. സിസ്റ്റേഴ്സിനും അല്മായാദ്ധ്യാപകർക്കും പ്രത്യേകമായിട്ടാണ് സമ്മാനങ്ങൾ നൽകുന്നത്.

*V. 112 /2018* **കവിതാരചന**

വിഷയം : "ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ" (ലൂക്കാ 2:52). ഹൈസ്കൂൾ, ഹയർസെക്കന്ററി തലത്തിലുള്ള വേദപാഠക്ലാസ്സുകളിലെ കുട്ടികൾക്ക് വേണ്ടിയാണ് മത്സരം നടത്തുന്നത്. A4 size പേപ്പറിൽ രണ്ട് പേജിൽ കവിയാൻ പാടില്ല. (40/50 വരികൾ എന്ന് നിജപ്പെടുത്തിയിരിക്കുന്നു.)

- കവിതകൾ 2018 ഒക്ടോബർ 30-ന് മുമ്പ് വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കണം.
- രചനകൾ അയയ്ക്കുന്നവരുടെ കൃത്യമായ വിലാസം, പഠിക്കുന്ന ക്ലാസ്സ് എന്നിവ മറ്റൊരു പേപ്പറിലെഴുതി പിൻ ചെയ്യാൻ മറക്കരുത്.
- തിരഞ്ഞെടുക്കപ്പെടുന്ന കവിതകൾക്ക് സമ്മാനങ്ങൾ നല്കുന്നതാണ്.

*Director*

## ബൈബിൾ അപ്പോസ്റ്റലേറ്റ്

*BA 1 /2018* **ബൈബിൾ പഠനക്ലാസ്സ്**

നമ്മുടെ രൂപത ബൈബിൾ അപ്പോസ്റ്റലേറ്റും, കെ.സി.ബി.സി. ബൈബിൾ കമ്മീഷനും ചേർന്നു ബൈബിൾ പഠനക്ലാസ്സുകൾ ആരംഭിക്കുന്നു. ഒക്ടോബർ 6-ാം തീയതി ശനിയാഴ്ച മുതൽ താഴെ പറയുന്ന മൂന്ന് സ്ഥലങ്ങളിലായി ക്ലാസ്സുകൾ നടത്തുന്നതാണ്. വി. മർക്കോസിന്റെ സുവിശേഷമാണ് ഈ വർഷത്തെ പഠനഭാഗം. 2019 മെയ് മാസം വരെ എല്ലാ ശനിയാഴ്ചകളിലും ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതാണ്. കൃത്യമായി എല്ലാ ക്ലാസ്സുകളിലും പങ്കെടുക്കുന്നവർക്ക് കെ.സി.ബി.സി ബൈബിൾ കമ്മീഷൻ നൽകുന്ന സർട്ടിഫിക്കറ്റ് നൽകുന്നതായിരിക്കും. പത്താംക്ലാസ്സ് കഴിഞ്ഞവർക്ക് ക്ലാസ്സിൽ പങ്കെടുക്കാവുന്നതാണ്.

**ക്ലാസ് നടക്കുന്ന സ്ഥലങ്ങൾ**

കോതമംഗലം : സെന്റ് ജോർജ് കത്തീഡ്രൽ
പൈങ്ങോട്ടൂർ : സെന്റ് ആന്റണീസ് ഫൊറോന പള്ളി
തൊടുപുഴ : സെന്റ് സെബാസ്റ്റ്യൻസ് ഫൊറോന പള്ളി

**സമയക്രമം**

2018 ഒക്ടോബർ 06 മുതൽ 2019 മെയ് 25 വരെ എല്ലാ ശനിയാഴ്ചകളിലും 2.30 pm മുതൽ 5.30 pm വരെ നടത്തുന്നു.

**ശ്രദ്ധിക്കാം**

ക്ലാസുകളിലേക്ക് വരുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രം കൊണ്ടുവരണം. സമ്പൂർണ്ണ ബൈബിൾ നിർബന്ധമായും കൊണ്ടുവരണം.

*Director*

## കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn. 34/2018* **ജപമാല**

ഒക്ടോബർ മാസത്തിൽ നടത്തിവരുന്ന ജപമാല പ്രാർത്ഥന നമ്മുടെ എല്ലാ സ്കൂളുകളിലും ഭക്തിനിർഭരമായും, ആത്മീയ ഉണർവ് പകരുന്ന രീതിയിലും നടത്തുന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

*Edn. 35 /2018* **പ്രധാന അദ്ധ്യാപകരുടെ ശ്രദ്ധയ്ക്ക്**

ഈ ഓഫീസിലേക്ക് അയയ്ക്കേണ്ട ഫോറങ്ങൾ യഥാസമയം പൂരിപ്പിച്ച് തരണമെന്ന് ഓർമ്മിപ്പിക്കുന്നു. ഓരോന്നിന്റെയും കോപ്പികൾ പറഞ്ഞിരിക്കുന്നത്ര എണ്ണം ഉണ്ടായിരിക്കണം.

1. F.C. Application 3 Copies 31-12-2018-ന് മുമ്പ്
2. Annual Report 3 Copies 15-01-2019-ന് മുമ്പ്

*Edn. 36 /2018* **ദുരിതാശ്വാസനിധി**

ഉരുൾപൊട്ടലും വെള്ളപ്പൊക്കവും മൂലം ഏറെ ക്ലേശിക്കുന്നവരെക്കുറിച്ച് നാമെല്ലാവരും വാർത്താമാധ്യമങ്ങളിലൂടെ അറിഞ്ഞതാണല്ലോ. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എല്ലാ അദ്ധ്യാപകരും, അനദ്ധ്യാപകരും സാധിക്കുംവിധം സംഭാവനകൾ നല്കുന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

*Secretary*





## സോഷ്യൽ സർവീസ്

*SS. 33 /2018* **പ്രകൃതിക്ഷോഭ/ദുരിതാശ്വാസ റിപ്പോർട്ട്**

ഇടവകകൾ, സന്യാസസമൂഹങ്ങൾ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവയിൽ നിന്നും പ്രകൃതിക്ഷോഭക്കെടുതികളെക്കുറിച്ചും, ഓരോ വിഭാഗവും നടത്തിയ ദുരിതാശ്വാസ പ്രവർത്തനങ്ങളെക്കുറിച്ചും വിവരങ്ങൾ പൂരിപ്പിച്ചു നൽകുവാൻ വേണ്ടി രണ്ട് റിപ്പോർട്ട് ഫോമുകൾ നൽകിയിരുന്നു. ഇനിയും അത് തിരികെ നൽകാത്തവർ എത്രയും വേഗം അവ പൂരിപ്പിച്ച് രൂപതാകേന്ദ്രത്തിൽ എത്തിക്കുമല്ലോ.

*SS. 34 /2018* **കാൻസർ ബാധിച്ച കുട്ടികൾ**

നമ്മുടെ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളാരെങ്കിലും കാൻസർ രോഗബാധിതരായിരിക്കുകയും, ചികിത്സ നടത്തുകയും ചെയ്യുന്നുവെങ്കിൽ സോഷ്യൽ സർവീസ് ഓഫീസുമായി ബന്ധപ്പെടണമെന്ന് താല്പര്യപ്പെടുന്നു. സാധിക്കുന്ന സഹായം നൽകുന്നതാണ്.

കാൻസർ രോഗം മൂലം കഴിഞ്ഞ അദ്ധ്യയന വർഷത്തിലോ, ഈ അദ്ധ്യയന വർഷത്തിലോ നമ്മുടെ രൂപതയിൽ സ്കൂൾ വിദ്യാർത്ഥികളാരെങ്കിലും മരണപ്പെട്ടുവെങ്കിൽ കുട്ടിയുടെ പേര്, ക്ലാസ്സ്, സ്കൂൾ, മരിച്ച തീയതി എന്നീ വിവരങ്ങൾ സോഷ്യൽ സർവീസ് ഓഫീസിൽ അറിയിക്കുമല്ലോ. കുടുംബത്തിന് 10,000/- രൂപ നൽകുന്നതാണ്.

*SS. 35 /2018* **ആശാകിരണം ടിൻ കളക്ഷൻ**

നമ്മുടെ രൂപതയിൽ കാൻസർ ചികിത്സക്കുള്ള സാമ്പത്തിക സഹായം നൽകുന്നത് വീടുകളിൽ ആശാകിരണം കാൻസർ സുരക്ഷാപദ്ധതിയുടെ പേരിൽ വച്ചിരിക്കുന്ന ടിന്നുകളിൽ നിന്നും ലഭിക്കുന്ന വരുമാനം ഉപയോഗിച്ചാണ്. പല ഇടവകകളിലും ഈ ടിന്നുകളിൽ ആളുകൾ തുക ഇട്ടിട്ടില്ലെങ്കിലും ബഹു. വികാരിയച്ചന്മാരുടെ പ്രത്യേക താല്പര്യത്താൽ വീടുകളിൽ നിന്നും തുക സ്വരൂപിച്ചാണ് തരുന്നത്. ഇത് വലിയ ഒരു സാമൂഹിക സേവനമാണ്. ഇതിന് പ്രത്യേകമായ നന്ദി അറിയിക്കുന്നു. ഈ പദ്ധതി പ്രകാരം ഇതുവരെ 1,40,64,000 രൂപ ചികിത്സാ സഹായമായി നൽകുവാൻ നമുക്ക് സാധിച്ചു. അതിനാൽ മുൻവർഷങ്ങളിലേതുപോലെ തന്നെ എല്ലാവരുടെയും ഭാഗത്തുനിന്നും നല്ല സഹകരണമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. കാൻസർ

രോഗികളുടെയും സഹായം ചോദിക്കുന്നവരുടെയും എണ്ണം കൂടി വരികയാണെന്ന കാര്യവും ശ്രദ്ധിക്കുമല്ലോ.

*SS. 36 /2018* **പുനരധിവാസ പ്രവർത്തനങ്ങൾ**

കേരള സർക്കാർ ദുരന്തനിവാരണ വകുപ്പ് 03-09-2018-ന് ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻപ്രകാരം പ്രകൃതിക്ഷോഭത്തിൽ തകർന്ന വീടുകളുടെ കണക്കെടുപ്പും, വീടുകളുടെയും സ്ഥാപനങ്ങളുടെയും നാശനഷ്ടത്തിന്റെ ഡിജിറ്റൽ അടിസ്ഥാനവിവര ശേഖരണവും നടത്തുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിനാൽ ഓരോ പ്രദേശത്തെയും പഞ്ചായത്ത് വാർഡു മെമ്പറും, സെക്രട്ടറിയുമായി ബന്ധപ്പെട്ട് സഹായത്തിന് അർഹതയുള്ളവർ അവരുടെ പേരുവിവരം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം. പ്രാദേശിക ഉദ്യോഗസ്ഥർ നടത്തുന്ന വിലയിരുത്തൽ തൃപ്തികരമല്ലെങ്കിൽ തർക്കപരിഹാരത്തിന് അപ്പീൽ നൽകുന്നതിന് ജില്ലാ കളക്ടറെ അപ്പലേറ്റ് അഥോരിറ്റിയായി നിയമിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ കോപ്പി "Deivarajyam", "Flood Relief Core Team" എന്നീ വാട്സ് ആപ്പ് ഗ്രൂപ്പുകളിൽ ലഭ്യമാണ്. നാശനഷ്ടങ്ങൾക്ക് സർക്കാർ സഹായം പ്രതീക്ഷിക്കുന്ന സ്ഥലങ്ങളിലെ ബഹു. വികാരിയച്ചന്മാരും, സന്നദ്ധ പ്രവർത്തകരും സഹായമർഹിക്കുന്ന വ്യക്തികളെ ഈ കാര്യങ്ങൾ അറിയിക്കുകയും അവരുടെ പേരുകൾ സർക്കാരിന്റെ ഔദ്യോഗിക രേഖകളിലുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുമല്ലോ. ആവശ്യമെങ്കിൽ വിവരാവകാശനിയമവും ഉപയോഗപ്പെടുത്തുക.

*Director*

## ചെറുപുഷ്പ മിഷൻലീഗ്

*CML 40/2018* **ദുരിതാശ്വാസ പ്രവർത്തനങ്ങൾ**

കേരളത്തെ പിടിച്ചുകുലുക്കിയ പ്രളയത്തിന്റെ കെടുതികൾ അനുഭവിച്ചവർക്ക് സഹായമായി മാറുവാൻ രൂപതാ എക്സിക്യൂട്ടീവിന് സാധിച്ചു. രൂപതയ്ക്ക് അകത്തും പുറത്തും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും, ക്യാമ്പുകൾ സന്ദർശിക്കുകയും, സഹായം നൽകുകയും, ശുചീകരണപ്രവർത്തനങ്ങളിൽ സഹായിക്കുകയും ചെയ്തു.





*CML 41/2018* **മാലിപ്പറമ്പിൽ അനുസ്മരണം**

സംഘടനയുടെ സ്ഥാപക ഡയറക്ടറായിരുന്ന ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം സെപ്തംബർ 8-ന് ആർപ്പൂക്കരയിൽ വച്ച് നടന്നു. രൂപതാ ഭാരവാഹികൾ പങ്കെടുത്തു.

*CML 42/2018* **രൂപതാ ജോ. ഡയറക്ടേഴ്സ് മീറ്റ്**

രൂപതാതല ജോ. ഡയറക്ടേഴ്സ് മീറ്റ് സെപ്റ്റംബർ 16-ന് നെസ്റ്റിൽ വച്ച് നടന്നു. 60 -ലധികം ജോ. ഡയറക്ടേഴ്സ് പങ്കെടുത്തു. രൂപതാ മൈനർ സെമിനാരി വൈസ് റെക്ടർ ഫാ. തോമസ് വിലങ്ങുപാറയിൽ ക്ലാസ്സെടുത്തു.

*CML 43/2018* **BIBLIA 2018**

ലോഗോസ് ക്വിസ് പഠനത്തിന് സഹായകമാകുന്ന രീതിയിൽ പഠനവിഷയത്തിലെ, ഓരോ അദ്ധ്യായവുമായി ബന്ധപ്പെട്ട മുഴുവൻ ചോദ്യങ്ങളും വാട്സ്ആപ്പ് മുഖേന ഓരോ ദിവസവും നൽകുന്നു.

*CML 44/2018* **മിഷൻ ഞായർ**

ഈ വർഷത്തെ മിഷൻ ഞായർ ഒക്ടോബർ 28-ാം തീയതി ആഘോഷിക്കുകയാണ്. ലോകമെമ്പാടുമുള്ള എല്ലാ മിഷനറിമാരെയും അന്നേദിവസം ഓർമ്മിക്കുകയും മിഷനെ സഹായിക്കുകയും ചെയ്യാം.

*CML 45/2018* **മിഷൻ കലണ്ടർ**

ഈ വർഷത്തെ മിഷൻ കലണ്ടർ എല്ലാ ശാഖകളിലും എത്തിക്കുന്നതാണ്. ഒരു കലണ്ടറിന് 7 രൂപ വച്ച് സി.എം.എൽ ഓഫീസിൽ നൽകുമല്ലോ.

*Director*

## കെ.സി.എസ്.എൽ.

*KCSL 29/2018* **ദുരിതാശ്വാസ സഹായം**

വാക്കുകൾക്കതീതമായ ദുരന്തമാണ് മഴക്കെടുതി മൂലം നാം അനുഭവിച്ചത്. ഈ ദുരന്തമുഖത്ത് സഹായഹസ്തവുമായി കടന്നുചെല്ലുവാൻ നമുക്കു സാധിച്ചു. നമ്മുടെ യൂണിറ്റുകളിൽ നിന്നും വളരെ വലിയ സഹായമാണ് ലഭിച്ചത്. സഹകരിച്ച എല്ലാ യൂണിറ്റുകൾക്കും പ്രത്യേകമായ ദൈവാനുഗ്രഹവും പ്രാർത്ഥനയും നേരുന്നു.

### *KCSL 30/2018* ആൽബം നിർമ്മാണ മത്സരം

നമ്മുടെ ഈ വർഷത്തെ സാഹിത്യകലാമത്സരങ്ങൾ നാം വേണ്ടെന്ന് വച്ചുവല്ലോ. ചരിത്രത്തിൽ രേഖപ്പെടുത്തേണ്ട ഒരു പ്രകൃതി ദുരന്തമാണ് നാം കണ്ടും കേട്ടും വായിച്ചും അനുഭവിച്ചും അറിഞ്ഞത്. ഈ ദുരന്തമുഖത്തെ രേഖപ്പെടുത്തുന്നതായ ചിത്രങ്ങൾ, അനുഭവങ്ങൾ, വ്യത്യസ്തങ്ങളായ വാർത്തകൾ എന്നിവ ചേർത്ത് ആൽബനിർമ്മാണ മത്സരം രൂപതാതലത്തിൽ സംഘടിപ്പിക്കുകയാണ്. യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്., തലത്തിൽ യൂണിറ്റുകളിൽ തയ്യാറാക്കി, ഒക്ടോബർ മാസം അവസാനിക്കുന്നതിന് മുമ്പ് ഓഫീസിൽ എത്തിക്കുക. എച്ച്. എച്ച്.എസ്. വിഭാഗത്തിൽ പവർപോയിന്റ് മത്സരം ഉണ്ടായിരിക്കും. ഈ മത്സരം നവംബർ മാസത്തിലായിരിക്കും. മികച്ച ഓരോ വിഭാഗ ത്തിലെയും ആൽബത്തിന് പ്രത്യേക സമ്മാനങ്ങൾ നൽകുന്നതായിരിക്കും. ചരിത്രത്തിൽ രേഖപ്പെടുത്തേണ്ട ഈ പ്രവർത്തനങ്ങൾ വരും തലമുറയ്ക്ക് ഭൂതകാലത്തെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തൽ ആകും. എല്ലാ ആനിമേറ്റേഴ്സും സഹകരിക്കുമല്ലോ.

*Director*

## ഫാമിലി അപ്പോസ്റ്റലേറ്റ്

### *FA 62/2018* രൂപതാ എക്സിക്യൂട്ടീവ്

ഫാമിലി അപ്പോസ്റ്റലേറ്റ് രൂപത എക്സിക്യൂട്ടീവ് ഒക്ടോബർ 17 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

### *FA 63/2018* രാത്രി ആരാധന

ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിലുള്ള രാത്രി ആരാധന ഒക്ടോബർ 12 വെള്ളിയാഴ്ച വൈകിട്ട് 6 മുതൽ രാത്രി 1 മണി വരെ മുതലക്കോടം സാപിയൻസിയ ഫാമിലി ഗൈഡൻസ് സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

### *FA 64/2018* കുടുംബ നവീകരണ ധ്യാനം

കുടുംബ നവീകരണധ്യാനം ഒക്ടോബർ 19 വെള്ളിയാഴ്ച വൈകിട്ട് 4 മുതൽ 21–ാം തീയതി വൈകിട്ട് 5 വരെ മുതലക്കോടം സാപിയൻസിയ ഫാമിലി ഗൈഡൻസ് സെന്ററിൽ വച്ച് നടത്തപ്പെടുന്നു.





### *FA 65/2018* പോസ്റ്റ്മാര്യേജ് കൂട്ടായ്മ

2017 സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ NESTT- ൽ Pre-marriage കോഴ്സിൽ പങ്കെടുത്തവരുടെ കുടുംബസമ്മേളനം ഒക്ടോബർ 14 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 5 വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തും. കൂട്ടായ്മയോടനുബന്ധിച്ച് വി. കുർബാന, ദിവ്യകാരുണ്യ ആരാധന, അനുഭവങ്ങൾ പങ്കുവയ്ക്കൽ, സ്നേഹ വിരുന്ന് എന്നിവയും നടത്തപ്പെടും.

### *FA 66/2018* ബധിരർക്കും, മൂകർക്കും, അകത്തോലിക്കർക്കും വേണ്ടിയുള്ള വിവാഹ ഒരുക്ക കോഴ്സ്

കേരള കത്തോലിക്കാസഭയിൽ ബധിരർക്കും, മൂകർക്കും, അകത്തോലിക്കരായ യുവതീ യുവാക്കൾക്കും വേണ്ടിയുള്ള വിവാഹ ഒരുക്ക കോഴ്സ് കെസിബിസി തലത്തിൽ സഭാ ആസ്ഥാനമായ പാലാരിവട്ടം പി.ഒ.സി.യിൽ നവംബർ 9 മുതൽ 11 വരെയുള്ള തീയതികളിൽ നടത്തപ്പെടുന്നു.

### *FA 67/2018* കുടുംബ സംഗമം

കോതമംഗലം ഫൊറോനയുടെ കീഴിലുള്ള ഇടവകസമിതികളുടെ കുടുംബ സംഗമം നവംബർ 2–ാം തീയതി വെള്ളിയാഴ്ച 9.30 മുതൽ 1.30 വരെ സെന്റ് ജോർജ് കത്തീഡ്രൽ പാരീഷ് ഹാളിൽ വച്ച് നടത്തുന്നു.

### *FA 68/2018* Marriage Preparation Courses in Kerala, 2018 October

| DIOCESE / ARCHDIOCESE | PHONE NUMBER | 1st Week | 2nd Week | 3rd Week | 4th Week |
|---|---|---|---|---|---|
| Alappuzha | 8113934970 | | 12-14 | | |
| Changanacherry | 0481-2424476 | 1-3 | 8-10 | | 22-24 |
| Ernakulam (Kaloor) | 0484-2533077 | 1-3 | 7-9 | 15-17 | 29-31 |
| Ernakulam (Kalady) | 0484-2462607 | 2-4 | | 16-18 | 23-25 30-1 |
| Idukki | 04864222632, 9447777935 | | 15-17 | | 26-28 |
| Irinjalakuda | 0480-2880439, 9447992216 | 1-3 | 15-17 | | |
| Kanjirappally | 0482-8205628, 9497096431 | | 8-10 | | 25-27 |
| Kannur | 8281094466 | | 7-10 | | |
| Kochi (Latin) | 0484-2328077, 8547723791 | | 11-14 | | 25-28 |
| Kollam (Latin) | 0474-2749349, 9645671314 | 3-5 | 17-19 | | 24-26 |
| Kothamangalam | 0485-2989222,9495011191 | 3-5 | 17-19 | | |
| Kottappuram (Latin) | 0480-2807733,9446605551 | 3-5 | | | |
| Kottayam | 04812790947, 9495080049 | | 11-13 | | |

| | | | | | |
|---|---|---|---|---|---|
| Kozhikode | 9349437053 | | 17-20 | | |
| Mananthavady | 0493-5241335, 9567764944 | 1-4 | | | 26-29 |
| Mavelikkara (Malankara) | 9447366149 | | 12-14 | | |
| Neyyattinkara (Latin) | 9447005093 | | 10-12 | | |
| Palai | 0482-2210049 | 1-3 | | | 29-31 |
| Palakkad | 8281340073 | 1-4 | | | |
| Pathanamthitta | 9496806089 | | 12-14 | | |
| Sulthanpett | 9495911256 | | | 21-22 | |
| Thalassery | 0490-2343414,9446679001 | | 9-11 | 23-25 | |
| Thamarassery | 0495-2730860,9495693810 | | 9-12 | | |
| Thiruvalla | 9895556074 | | 9-11 | 23-25 | |
| Thiruvananthapuram(Latin) | 9895092479 | 5-7 | | 26-28 | |
| Thiruvananthapuram(Malankara) | 8304841964 | | 12-14 | | |
| Thrissur | 0487-2336066,9605043327 | 3-5 | 10-12 | 17-19 | 24-26 31-2 |
| Varappuzha | 0484-2393739 | 5-7 | | 19-21 | |
| Vijayapuram | 9447182300 | | 11-13 | | |

*Director*

# മാതൃവേദി

*MV 35/2018* **സെനറ്റ് മീറ്റിംഗ്**

ഒക്ടോബർ 9 ചൊവ്വാഴ്ച 2 മുതൽ 3.30 വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് സെനറ്റ് മീറ്റിംഗ് നടത്തപ്പെടുന്നു. എല്ലാ സെനറ്റ് മെമ്പേഴ്സും പങ്കെടുക്കേണ്ടതാണ്.

*MV 36/2018* **മറിയം ത്രേസ്യാ ക്വിസ്**

മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ജനുവരി മാസത്തിൽ മറിയം ത്രേസ്യ ക്വിസ് നടത്തപ്പെടുന്നു. ജനുവരി മാസത്തിനു മുമ്പ് യൂണിറ്റ്, ഫൊറോനതലങ്ങളിൽ ക്വിസ് മത്സരം നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. അതിനുശേഷം ജനുവരി മാസത്തിൽ ഫൊറോന തലത്തിൽ നിന്നും 2 പേരടങ്ങുന്ന ഒരു ടീമാണ് രൂപതാ തലത്തിൽ പങ്കെടുക്കേണ്ടത്.

**ക്വിസിന്റെ വിഷയങ്ങൾ**

1. വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായുടെ ജീവിതത്തെയും പഠനത്തെയും ആസ്പദമാക്കി - 60%
2. മാതൃവേദി - 10%
3. പ്രഭാഷകൻ 1-10 - 10%





4. മാർപാപ്പാ കുടുംബങ്ങളോട് - 20% ക്വിസിന് സഹായകമായ പുസ്തകങ്ങൾ നെസ്റ്റിലുള്ള ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

*MV 37/2018* **ഉണർവ്വ്**

സെപ്റ്റംബർ 18-ന് നെസ്റ്റിൽവച്ച് 'സീറോമലബാർ വി. കുർബാനയുടെ പഠനം' എന്ന വിഷയത്തെക്കുറിച്ച് റവ. ഫാ. പോളി മണിയാട്ട് ക്ലാസ്സ് നടത്തി. ഒക്ടോബർ മാസം 16, 30 തീയതികളിൽ ഉണർവ്വിന്റെ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.

*MV 38/2018* **സ്നേഹത്തണൽ**

സെപ്റ്റംബർ 15-ന് സി.എം.സി. പാവനാത്മ പ്രോവിൻസിന്റെയും മാതൃവേദിയുടെയും ആഭിമുഖ്യത്തിൽ നിർമ്മല പബ്ലിക് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് യൂദിത്ത് മിനിസ്ട്രി 'സ്നേഹത്തണൽ' കൺവൻഷൻ നടത്തി. എണ്ണൂറോളം യൂദിത്ത് അംഗങ്ങൾ ഇതിൽ പങ്കെടുത്തു.

*MV 39/2018* **പ്രളയത്തിൽപ്പെട്ടവർക്ക് ഒരാശ്വാസം**

മാതൃവേദി രൂപതാ ഭാരവാഹികൾ ഡയറക്ടറുടെയും, ആനിമേറ്റർ സിസ്റ്ററിന്റെയും ഒപ്പം വെള്ളെള്ളള് (രാജഗിരി) യൂണിറ്റ് സന്ദർശിക്കുകയും, ഉരുൾപ്പൊട്ടലിൽ നാശനഷ്ടം സംഭവിച്ച ഭവനങ്ങൾ സന്ദർശിച്ച് സാമ്പത്തിക സഹായം നല്കുകയും ചെയ്തു.

*Director*

# ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

*DFC 54/2018* **രൂപതാതല പുതിയ ഭാരവാഹികൾ**

DFC രൂപതാഭാരവാഹികളുടെ തെരഞ്ഞെടുപ്പ് സെപ്റ്റംബർ 19-ന് മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. രൂപതാ ഡയറക്ടർ ഫാ. ജിനോ പുന്നമറ്റത്തിൽ, അസി. ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പോത്തനാമുഴി, ഫൊറോന ഡയറക്ടർമാരായ ഫാ. ജോസ് കിഴക്കേൽ, ഫാ. ജോൺ പിച്ചാപ്പിള്ളിൽ എന്നിവർ തെരഞ്ഞെടുപ്പിന് നേതൃത്വം നൽകി. തെഞ്ഞെടുക്കപ്പെട്ടവരുടെ പേരുകൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| പ്രസിഡന്റ് | - | ജിബോയിച്ചൻ വടക്കൻ |
| വൈസ് പ്രസിഡന്റ് | - | സിബി പൊതൂർ |
| സെക്രട്ടറി | - | തോമസ് കുണിഞ്ഞി |
| ജോയിന്റ് സെക്രട്ടറി | - | പോൾ ലൂയീസ് |
| ട്രഷറർ | - | ടോം ജെ. കല്ലറയ്ക്കൽ |

**കമ്മിറ്റിയംഗങ്ങൾ**

ജോസ് മൂലശ്ശേരി, സജി പോളക്കുഴി, ജെയിംസ് പള്ളിക്കമ്യാലിൽ, ജോയി പാറത്തലയ്ക്കൽ, കെ.ജെ. തോമസ്, സണ്ണി കോലഞ്ചേരി, ജോസ് പാലക്കുഴി, വിനോദ് ജോൺ തെക്കേക്കര, ജിമ്മി ആനിക്കാത്തോട്ടം, വി.റ്റി. ചാക്കോ വിളയപ്പിള്ളിൽ, ബിജു കുന്നുംപുറം, ബെന്നി കൂറ്റപ്പിള്ളി, ലോറൻസ് എബ്രാഹം, ജയ്സൺ ജോർജ്, സിബി ജോർജ്, ജേക്കബ് മിറ്റത്താനിക്കൽ, ജേക്കബ് തോമസ്.

**സംസ്ഥാന ഉപദേശക സമിതിയംഗങ്ങൾ** - ജോയി നടുക്കുടി, ഡിഗോൾ കെ. ജോർജ്

**വനിതാവിഭാഗം**

| | | |
|---|---|---|
| പ്രസിഡന്റ് | - | ഷീല രാജു പാലയ്ക്കൽ |
| വൈസ് പ്രസിഡന്റ് | - | റോസിലി ജേക്കബ് |
| സെക്രട്ടറി | - | മിനി മാനുവൽ |
| ജോയിന്റ് സെക്രട്ടറി | - | മെറ്റി ടോബൻ |
| ട്രഷറർ | - | ലൂസി മൈക്കിൾ |

**കമ്മിറ്റിയംഗങ്ങൾ**

ആൻസി ബെന്നി, ക്ലാരമ്മ വിൽസൺ, ജോമി ബിജു, റെജി എബ്രാഹം, ഷീബ വട്ടക്കുഴി, മേരി സോജൻ, സാലി ഇമ്മാനുവൽ, ലില്ലിക്കുട്ടി ജോസ്, ഷേർളി ജെയിംസ്, ബേബി ജോസ്.

*DFC 55/2018* **ഡി.എഫ്.സി. സംസ്ഥാനക്യാമ്പും, തെരഞ്ഞെടുപ്പും**

ഡി.എഫ്.സി. സംസ്ഥാന ക്യാമ്പും തെരഞ്ഞെടുപ്പും ഒക്ടോബർ 23, 24 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തും. രൂപതയിലെ പുരുഷ വനിതാ വിഭാഗങ്ങളിലെ പുതിയതായി തെരഞ്ഞെടുക്കപ്പെട്ട രൂപതാതല പ്രസിഡന്റ്, വൈസ് പ്രസിഡന്റ്,





സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ എന്നിവരാണ് ക്യാമ്പിൽ പങ്കെടുക്കേണ്ടത്.

*DFC 56/2018* **ഡി.എഫ്.സി. രൂപതാ കൺവെൻഷൻ**

ഓരോ ഇടവകയിലേയും പുതിയതായി തെരഞ്ഞെടുക്കപ്പെട്ട പുരുഷ, വനിത വിഭാഗങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള രൂപതാതല കൺവെൻഷൻ ഒക്ടോബർ 10-ാം തീയതി ബുധനാഴ്ച രാവിലെ 10.00 am മുതൽ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതാണ്.

*DFC 57/2018* **ഫൊറോന കമ്മിറ്റി യോഗങ്ങൾ**

പുതിയതായി തെരഞ്ഞെടുക്കപ്പെട്ട ഫൊറോനതല പുരുഷ, വനിത കമ്മിറ്റി യോഗങ്ങൾ സംയുക്തമായി ഒക്ടോബർ 15-നകം ചേർന്ന് ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്.

*DFC 58/2018* **ഡി.എഫ്.സി. ഫൊറോന ഡയറക്ടർമാർ**

ഫൊറോനകളിലെ ഡി.എഫ്.സി. പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനായി അഭിവന്ദ്യ പിതാവ് നിയോഗിച്ചിരിക്കുന്ന ഡയറക്ടറച്ചന്മാരുടെയും, അസി. ഡയറക്ടറച്ചന്മാരുടെയും പേരുകൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| മാറിക | - ഫാ. ജെയിംസ് വരാരപ്പിള്ളിൽ |
| തൊടുപുഴ | - ഫാ. ജിയോ തടിക്കാട്ട്, ഫാ. ജോൺ കടവൻ |
| മുതലക്കോടം | - ഫാ. ജോസഫ് അടപ്പൂർ, ഫാ. ജോസഫ് നിരവത്ത് |
| കരിമണ്ണൂർ | - ഫാ. ജോൺ ഇലഞ്ഞേടത്ത്, ഫാ. ജോസഫ് താന്നിക്കൽ |
| കാളിയാർ | - ഫാ. ജോൺ ആനിക്കോട്ടിൽ, ഫാ. പോൾ കളത്തൂർ |
| മൈലക്കൊമ്പ് | - ഫാ. മാത്യു അത്തിക്കൽ, ഫാ. ജോസ് ചിരപ്പറമ്പിൽ |
| വാഴക്കുളം | - ഫാ. ജോസ് മോനിപ്പിള്ളിൽ<br>ഫാ. മാർട്ടിൻ കച്ചിറപ്പാറേക്കുടിയിൽ |
| ആരക്കുഴ | - ഫാ. ജോൺ മുണ്ടയ്ക്കൽ<br>ഫാ. ജോർജ് പീച്ചാണിക്കുന്നേൽ |
| മൂവാറ്റുപുഴ | - ഫാ. ജോൺ പിച്ചാപ്പിള്ളിൽ<br>ഫാ. ആന്റണി പുത്തൻകുളം |
| കോതമംഗലം | - ഫാ. തോമസ് പോത്തനാമുഴി<br>ഫാ. ജോൺസൺ പഴയപീടികയിൽ |
| ഊന്നുകൽ | - ഫാ. ജോസ് കിഴക്കേൽ |
| പൈങ്ങോട്ടൂർ | - ഫാ. ജോർജ് വടക്കേൽ |

*DFC 59/2018* **രൂപതാ ദീപിക ഷെയർ ഹോൾഡേഴ്സ് മീറ്റിംഗ്**

രൂപതയിൽ മുൻകാലങ്ങളിൽ ദീപികയുടെ ഷെയർ എടുത്തിട്ടുള്ള ആളുകളെ പരിഗണിക്കുകയും കൂടെ നിറുത്തുകയും ചെയ്യേണ്ടത് ഏറെ ആവശ്യമാണ്. അതിനായി രൂപതയുടെ മുഴുവൻ ദീപിക ഷെയർ ഹോൾഡേഴ്സിന്റെയും സംയുക്തമായ മീറ്റിംഗ് ഈ വരുന്ന ഒക്ടോബർ 6-ാം തീയതി ശനിയാഴ്ച 3.00 pm-ന് നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. ബഹു. വികാരിയച്ചന്മാർ ഇടവകകളിലെ ദീപിക ഷെയർ ഹോൾഡേഴ്സിനെ പറഞ്ഞുവിടണമെന്ന് ഓർമ്മപ്പെടുത്തുന്നു.

*Co-ordinator*

## യുവദീപ്തി

*YD 25/2018* **Youth Assembly 2018**

യുവജനവർഷത്തോടനുബന്ധിച്ച് കെ.സി.വൈ.എം. കോതമംഗലം രൂപതയിലെ യുവജനങ്ങൾക്കായി ഒക്ടോബർ 20, 21 (ശനി, ഞായർ) തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് Youth Assembly നടത്തപ്പെടുന്നു. രൂപതയിലെ എല്ലാ ഇടവകകളിൽ നിന്നും പ്രതിനിധികൾ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഒരു ഇടവകയിൽ നിന്നും രണ്ടു പേരാണ് (ഒരു യുവാവും ഒരു യുവതിയും) പങ്കെടുക്കേണ്ടത്. ഒക്ടോബർ 20 ശനിയാഴ്ച രാവിലെ 9-ന് ആരംഭിച്ച് 21 ഞായറാഴ്ച വൈകുന്നേരം 4-ന് സമാപിക്കുന്നതാണ്.

*Director*

## ജീസസ് യൂത്ത്

*JY 23/2018* **നൈറ്റ് വിജിൽ**

ജീസസ് യൂത്ത് കോതമംഗലം സോണിന്റെ നേതൃത്വത്തിൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് ഒക്ടോബർ 12-ന് നൈറ്റ് വിജിൽ നടത്തുന്നു.

*JY 24/2018* **ട്രെയിനിംഗ് പ്രോഗ്രാം**

ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ നടക്കുവാനിരിക്കുന്ന ക്യാമ്പസ് കോൺഫറൻസിന്റെ ഒരുക്കമായുള്ള ലീഡേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം ഒക്ടോബർ 2-ന് നടത്തുന്നു.





*JY 25/2018* **ക്യാമ്പസ് കോൺഫ്രൻസ്**

ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ ഏകദേശം മുന്നൂറോളം വിദ്യാർത്ഥികൾ പങ്കെടുക്കുന്ന ക്യാമ്പസ് കോൺഫ്രൻസ് ഒക്ടോബർ 17, 18, 19, 20 തീയതികളിൽ തൊടുപുഴ ന്യൂമാൻ കോളേജിൽ വച്ച് നടത്തുന്നു.

*Animator*

## ഓൾ കേരള കാത്തലിക് കോൺഗ്രസ്

*AKCC 27/2018* **പ്രളയബാധിതർക്ക് കൈത്താങ്ങായ്- കത്തോലിക്കാ കോൺഗ്രസ്**

കഴിഞ്ഞ മാസം കേരളം ഒരു മഹാപ്രളയത്തെ അഭിമുഖീകരിക്കുകയായിരുന്നല്ലോ. ഈ പ്രളയം നമുക്ക് ഏല്പിച്ച നാശനഷ്ടങ്ങൾ വളരെ വലുതാണ്. പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിലും പുനരുദ്ധാരണ യജ്ഞത്തിലും കോതമംഗലം രൂപതയിലെ കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തകർ വളരെ സജീവമായി രംഗത്തുണ്ട്.

നമ്മുടെ രൂപതയിൽ മഴക്കെടുതിയാൽ ദുരിതമനുഭവിക്കുന്ന വിവിധ സ്ഥലങ്ങളിലും ഇടുക്കി, ചെങ്ങന്നൂർ, ചങ്ങനാശ്ശേരി, കുട്ടനാട്, പറവൂർ, കാലടി, ചാലക്കുടി തുടങ്ങി വിവിധ സ്ഥലങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകളിൽ ഭക്ഷണസാധനങ്ങൾ, വസ്ത്രങ്ങൾ എന്നിവ എത്തിച്ചുകൊടുക്കുന്നതിനും പ്രളയത്തിനുശേഷം ശുചീകരണയജ്ഞത്തിലും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും കത്തോലിക്കാ കോൺഗ്രസ് പങ്കാളികളായി.

*Director*

## കേരള ലേബർ മൂവ്മെന്റ്

*KLM 20/2018* **ദുരിതാശ്വാസ സഹായം**

പ്രകൃതി ദുരന്തത്തിൽ കഷ്ടപ്പെടുന്നവർക്കുവേണ്ടി പ്രവർത്തിക്കുകയും, കുട്ടനാട്, ഇടുക്കി മേഖലകളിൽ സഹായം എത്തിക്കുകയും ചെയ്ത എല്ലാ കെ.എൽ.എം പ്രവർത്തകരെയും രൂപതാകമ്മിറ്റി പ്രത്യേകം അഭിനന്ദിച്ചു.

*KLM 21/2018* **സോണൽ മീറ്റിംഗ്**

കേരള ലേബർ മൂവ്മെന്റ് കരിമണ്ണൂർ സോൺ പ്രഥമയോഗം സെപ്റ്റംബർ 2-ാം തീയതി ഞായറാഴ്ച കാളിയാർ സെന്റ് റീത്താസ്

പാരീഷ് ഹാളിൽ ചേർന്നു. സോണൽ ഡയറക്ടർ ഫാ. പോൾ കള ത്തൂർ ഉദ്ഘാടനം നിർവ്വഹിച്ചു. രൂപതാപ്രസിഡന്റ് റോയ് കാവാട്ട്, കോ-ഓർഡിനേറ്റർ അഡ്വ. തോമസ് മാത്യു, ബിൻസി ജോസ് എന്നി വർ ക്ലാസ്സുകൾ നയിച്ചു. ചാക്കോ പി.റ്റി., ജോളി ജോസഫ്, തോമസ് ഇ.എം, റെജി അബ്രാഹം എന്നിവരെ സോൺ ഭാരവാഹികളായി തെര ഞ്ഞെടുത്തു.

*KLM 22/2018* **സംസ്ഥാന സമ്മേളനം**

സംസ്ഥാന സംഘടനാ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും, രൂപ തകളിൽ നടപ്പിലാക്കേണ്ട കാര്യങ്ങൾ വിശദീകരിക്കുന്നതിനുമായി സെപ്റ്റംബർ 21-ന് രാവിലെ 9 മുതൽ വൈകുന്നേരം 4 വരെ പി.ഒ.സി യിൽ കൂടിയ യോഗത്തിൽ നമ്മുടെ രൂപതയിൽ നിന്നും പ്രസിഡന്റ്, സെക്രട്ടറി എന്നിവർ പങ്കെടുത്തു.

*KLM 23/2018* **രൂപത കമ്മിറ്റി**

ഒക്ടോബർ 4-ാം തീയതി 2.00-ന് രൂപത ഭാരവാഹികളുടെ യോഗം നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ കൂടുവാൻ തീരുമാനിച്ചു.

Director

## അല്മായ ഫ്രാൻസിസ്കൻ സഭ

*SFO 21/2018* **ദുരിതാശ്വാസം**

ഫ്രാൻസിസ്ക്കൻ അല്മായസഭയുടെ രൂപതാഭ്രാതൃത്വം പ്രളയ ക്കെടുതിയിൽ കഷ്ടതയനുഭവിക്കുന്നവർക്കായി വാഴപ്പിള്ളി ലോരേറ്റോ ആശ്രമത്തിൽ ഭക്ഷ്യവസ്തുക്കൾ സംഭരിക്കുകയും, വിതരണം ചെയ്യു കയും ചെയ്തു. കമ്മിറ്റി അംഗങ്ങൾ ദുരിത ബാധിതപ്രദേശങ്ങൾ സന്ദർശിക്കുകയും, അത്യാവശ്യ സാമ്പത്തികസഹായം വ്യക്തികൾക്ക് നൽകുകയും ചെയ്തു. ഈ യത്നത്തിൽ ഞങ്ങൾക്ക് സാമ്പത്തിക മായും, അരി, പലവ്യഞ്ജനം, തുണി തുടങ്ങിയ സാധനങ്ങൾ സംഭാ വനയായും തന്ന എല്ലാ വ്യക്തികൾക്കും, അല്മായ സഭാംഗങ്ങൾക്കും പ്രത്യേകം പ്രാർത്ഥനയും നന്ദിയും നേരുന്നു.

*SFO 22/2018* **ഏകദിനധ്യാനം**

സെപ്തംബർ 8-ാം തീയതി ശനിയാഴ്ച കോതമംഗലം രൂപതാ ഫ്രാൻസിസ്കൻ അല്മായ സഭാംഗങ്ങൾക്കായി പുറപ്പുഴ സെന്റ് ആന്റ ണീസ് മേഴ്സി ഹോമിൽവച്ച് ഒരു ഏകദിന ധ്യാനം നടത്തി.

Director





## ഇൻഫാം

*INF 12/2018* **റിസോഴ്സ് ടീം**

വിവിധ ഗവൺമെന്റ് പദ്ധതികളെക്കുറിച്ചും വെൽഫെയർ സ്കീമുകളെക്കുറിച്ചും ഇടവക തലത്തിൽ പരിശീലനം കൊടുക്കുവാൻ ഇൻഫാമിന്റെ ആഭിമുഖ്യത്തിലുള്ള റിസോഴ്സ് ടീം തയ്യാറാണ്. ആവ ശ്യമുള്ളവർ അറിയിക്കുക.

*INF 13/2018* **പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി 2018-19**

ന്യൂനപക്ഷമന്ത്രാലയത്തിനു കീഴിലുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പിനുള്ള അപേക്ഷ സമർപ്പിക്കുന്ന സമയമാണിത്. **www.scholarships.gov.in** - എന്ന വെബ്സൈറ്റിലൂടെ നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി മാത്രമേ ഓൺലൈൻ അപേക്ഷ സ്വീക രിക്കുകയുള്ളൂ. അപേക്ഷകരായ കുട്ടികൾക്ക് കഴിഞ്ഞ വാർഷിക പരീ ക്ഷയിൽ (2017-18) 50% -ൽ കൂടുതൽ മാർക്ക് ലഭിച്ചിരിക്കണം.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ (**www. education. kerala.gov.in**) നിർദ്ദേശങ്ങളടങ്ങിയ സർക്കുലർ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

*INF 14/2018* **ന്യൂനപക്ഷ വിഭാഗങ്ങൾക്ക് മദർ തെരേസ മെറിറ്റ് സ്കോളർഷിപ്പ്**

ഡിപ്ലോമ/പാരാമെഡിക്കൽ ഇൻ നേഴ്സിംങ് കോഴ്സുകൾ ചെയ്യു ന്ന കേരളത്തിലെ ന്യൂനപക്ഷക്ഷേമവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥി കൾക്ക് മദർ തെരേസ സ്കോളർഷിപ്പിന് ഇപ്പോൾ അപേക്ഷിക്കാം. ന്യൂനപക്ഷക്ഷേമ വകുപ്പാണ് സ്കോളർഷിപ്പിന് അർഹരെ കണ്ടെത്തു ക. കുടുംബത്തിന്റെ വാർഷിക വരുമാനം എട്ടുലക്ഷത്തിന് മുകളിലാ വരുത്. വർഷത്തിൽ 15000 രൂപയാണ് സ്കോളർഷിപ്പായി ലഭിക്കുക. ഓൺലൈൻ വഴിയാണ് അപേക്ഷിക്കേണ്ടത്.

കൂടുതൽ വിവരങ്ങൾ : http://www.b4s.in/madhya/MTS11 സന്ദർശിക്കുക. ഫോൺ : 08448709545, 08527484563

Director

## പ്രാർത്ഥനാഗ്രൂപ്പ്

*PG 27/2018* **ജറീക്കോ പ്രാർത്ഥന**

സി.ബി.സി.ഐ. യുടെ ആഹ്വാനപ്രകാരം, ഭാരതത്തിലെ 174 കത്തീഡ്രൽ പള്ളികളിലായി രാജ്യത്തിന്റെ ഐക്യം, ക്ഷേമം, ഭാരത

സുവിശേഷവൽക്കരണം, ലോകസമാധാനം, പ്രകൃതിക്ഷോഭങ്ങളിൽ നിന്നുള്ള മോചനം എന്നീ ലക്ഷ്യങ്ങൾക്കായി കുരിശു പ്രതിഷ്ഠിച്ച് പ്രാർത്ഥന നടന്നുവരുന്നു.

2018 ആഗസ്റ്റ് 15 മുതൽ ഒക്ടോബർ 6 വരെ നടത്തപ്പെട്ടുവരുന്ന ജറീക്കോ പ്രാർത്ഥനയുടെ ഭാഗമായി സെപ്റ്റംബർ 18 ചൊവ്വാഴ്ച കോതമംഗലം സെന്റ് ജോർജ് കത്തീഡ്രലിൽ കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷന്റെയും, കോതമംഗലം സോണിന്റെയും സംയുക്താഭിമുഖ്യത്തിൽ പ്രാർത്ഥനാശുശ്രൂഷ നടത്തി.

കോതമംഗലം രൂപതാദ്ധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ കുരിശ് വെഞ്ചരിച്ച് പ്രതിഷ്ഠിക്കുകയും വിശുദ്ധകുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു.

ഇടുക്കി സോൺ ആനിമേറ്റർ റവ. ഫാ. ജോസഫ് കോയിക്കര, ഇടുക്കി സോൺ കോ-ഓർഡിനേറ്റർ ജോസ്കുട്ടി എന്നിവർ വചനം പ്രഘോഷിച്ചു.

ദിവ്യകാരുണ്യാരാധനയ്ക്കും ജറീക്കോ പ്രാർത്ഥനയ്ക്കും കോതമംഗലം സോൺ ആനിമേറ്റർ ഫാ. ജോർജ് കുരിശുംമൂട്ടിൽ, ഫാ. ജോസഫ് കോയിക്കര എന്നിവർ നേതൃത്വം വഹിച്ചു.

*PG 28/2018* **മലങ്കര കത്തീഡ്രലിൽ ജറീക്കോ പ്രാർത്ഥന**

കോതമംഗലം കരിസ്മാറ്റിക് സോണിന്റെ പരിധിയിൽ വരുന്ന മൂവാറ്റുപുഴ മലങ്കര സെന്റ് ജോസഫ് കത്തീഡ്രൽ ചർച്ചിൽ ഒക്ടോബർ 2-ന് ജറീക്കോ പ്രാർത്ഥന നടക്കും.

മൂവാറ്റുപുഴ രൂപതാദ്ധ്യക്ഷൻ എബ്രാഹം മാർ യൂലിയോസ് കുരിശ് വെഞ്ചരിച്ച് പ്രതിഷ്ഠിച്ച് പ്രാർത്ഥിക്കുകയും വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്യും. തുടർന്ന് ജപമാല, സ്തുതി ആരാധന, വചന പ്രഘോഷണം, ദിവ്യകാരുണ്യാരാധന, ജറീക്കോ പ്രാർത്ഥന എന്നിവ ഉണ്ടായിരിക്കും. രാവിലെ 10-ന് ആരംഭിച്ച് വൈകിട്ട് 4-ന് അവസാനിക്കും.

*PG 29/2018* **ദേശീയ മദ്ധ്യസ്ഥപ്രാർത്ഥനാ ദിനം**

ദേശീയ മദ്ധ്യസ്ഥ പ്രാർത്ഥനാദിനമായ ഒക്ടോബർ 2-ന് ജറീക്കോ പ്രാർത്ഥന നടക്കുന്നതിനാൽ ഒക്ടോബർ 18 വ്യാഴാഴ്ച രാവിലെ 10





മുതൽ വൈകിട്ട് 4 വരെ കാരക്കുന്നം സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് മദ്ധ്യസ്ഥപ്രാർത്ഥനാദിനമായി ആചരിക്കും.

മദ്ധ്യസ്ഥപ്രാർത്ഥനാദിനത്തിൽ ജപമാല, വി. കുർബാന, സ്തുതി ആരാധന, വചനപ്രഘോഷണം, ദിവ്യാകാരുണ്യാരാധന എന്നിവ ഉണ്ടായിരിക്കും.

*PG 30/2018* **ഭവനസന്ദർശനം**

രജതജൂബിലി ആഘോഷിക്കുന്ന കോതമംഗലം സോണിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും പ്രാർത്ഥനാഗ്രൂപ്പുകൾ ശക്തമാക്കുന്നതിനും, സോൺ, സബ് സോൺ ബന്ധം കൂടുതൽ ഊഷ്മളമാക്കുന്നതിനുമായി ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി കോതമംഗലം സോണൽ സർവ്വീസ് ടീം അംഗങ്ങൾ സോൺ ആനിമേറ്റർ റവ. ഫാ. ജോർജ് കുരിശുംമൂട്ടിലിന്റെ നേതൃത്വത്തിൽ 8 സബ് സോണുകളിലെ 90-ൽ പരം സർവീസ് ടീം അംഗങ്ങളുടെ വീടുകൾ സന്ദർശിച്ച് പ്രാർത്ഥിക്കുകയും സൗഹാർദ്ദം പുതുക്കുകയും ചെയ്തു.

*Director*

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

*SV 35 /2018* **വജ്രജൂബിലി സമാപനം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കോതമംഗലം സെൻട്രൽ കൗൺസിലിന്റെ വജ്രജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനം അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾമാരായ മോൺ. ജോർജ് ഓലിയപ്പുറം, മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ എന്നിവർ അനുഗ്രഹപ്രഭാഷണം നടത്തി. കോതമംഗലം സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ബാബു കുമ്പളാങ്കൽ അധ്യക്ഷത വഹിച്ചു.

2017 ഓഗസ്റ്റ് 20-ന് ആരംഭിച്ച ജൂബിലിവർഷത്തിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി നിരവധി സേവനപ്രവർത്തനങ്ങൾ നടത്തി. 266 വീടുകളിൽ ജൂബിലി വർഷ പ്രവർത്തനങ്ങളുടെ ഭാഗമായി പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി. രോഗപ്രതിരോധ പ്രവർത്തനങ്ങൾ, പരിസ്ഥിതി സംരക്ഷണം, വിദ്യാർത്ഥികൾക്കായി ഓറിയന്റേഷൻ ക്ലാസ്സുകൾ, കോൺഫറൻസുകളുടെ രൂപീകരണം എന്നീ പ്രവർത്തനങ്ങൾ ജൂബിലി വർഷത്തിൽ നടത്തി.

*Director*

# നെസ്റ്റ് പ്രോഗ്രാം

**Ph. 0485 - 2830033**

| | | |
|---|---|---|
| Oct. 3 - 5 | - | Pre - Marriage Course |
| " 4 | - | DFC Diocesan Level Convention |
| " 9 | - | Mathreuvedi Senate Meeting |
| " 12 | - | Jesus Youth Night Vigil |
| " 14 | - | പോസ്റ്റ് മാര്യേജ് കൂട്ടായ്മ |
| " 17 - 19 | - | Pre - Marriage Course |
| " 20 - 21 | - | Youth Assembly |
| " 23 - 24 | - | DFC State Camp |
| " 28 | - | Catechism PTA Seminar |
| " 28 - Nov. 1 | - | Yes Lord - Retreat |

*Director*

# തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Fr. | Alappatt Francis | **October** | 4 |
| " | Athickal Francis | " | 4 |
| " | Kannadan Francis | " | 4 |
| " | Karikunnel Francis | " | 4 |
| " | Keerampara Francis | " | 4 |
| " | Nampiaparampil Francis | " | 4 |
| " | Nandalath Francis | " | 4 |
| " | Pittappillil Francis | " | 4 |
| " | Cheripuram Abraham | " | 9 |
| " | Parackal Abraham | " | 9 |
| " | Perumpanany Abraham | " | 9 |
| " | Niravathinal Abraham | " | 9 |
| " | Njaralakatt Luke | " | 18 |





# രൂപതാദ്ധ്യക്ഷന്റെ ഡയറി

**ആഗസ്റ്റ് 2018**

22 ● കൊടുവേലി, ക്ഷീരകർഷക യൂണിറ്റ് സമ്മേളനത്തിൽ പങ്കെടുത്തു.

23 ● ഊന്നുകൽ, എഴുമായിൽ ലില്ലിക്കുട്ടിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

27 ● ശക്തമായ പ്രകൃതിക്ഷോഭംമൂലം ദുരിതത്തിലായ ഇടുക്കി പ്രദേശത്തെ വിവിധ സ്ഥലങ്ങൾ സന്ദർശിച്ചു.

28 ● CMC സന്യാസിനീ സമൂഹാംഗമായ സി. ലെയനാർദിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ആരക്കുഴ മഠം കപ്പേളയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

28–29 ● മുതലക്കോടം, സാൻജോ ഭവനിൽ താമസിച്ച് ബഹു. അച്ചന്മാരോടൊപ്പം വി. കുർബാനയർപ്പിച്ചു.

30 ● SABS സന്യാസിനീ സമൂഹാംഗമായ സി. ലെയോണിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് മാറിക മഠം കപ്പേളയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

● ബിഷപ്സ് ഹൗസിൽ നടന്ന Eparchial Consultors –ന്റെ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

31 ● ജലപ്രളയം മൂലം ദുരിതത്തിലായ മുരിങ്ങൂർ, ഡിവൈൻ ധ്യാന കേന്ദ്രം സന്ദർശിച്ചു.

**സെപ്തംബർ 2018**

02 ● വണ്ണപ്പുറം, മാർ സ്ലീവാ പള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

● സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കോതമംഗലം രൂപതയിൽ പ്രവർത്തനം ആരംഭിച്ചതിന്റെ 60–ാം വർഷികാചരണത്തിന്റെ ഭാഗമായി കോതമംഗലം, ഓസ്സാനം സെന്ററിൽ നടത്തിയ പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

03 • രാമല്ലൂർ സാൻജോ ഭവൻ CMC മഠത്തിൽ വി. കുർബാന യർപ്പിച്ച് സന്ദേശം നൽകി.

• SH സന്യാസിനീസമൂഹാംഗമായ സി. ഡൊമിനിക്കിന്റെ മൃത സംസ്കാര ശുശ്രൂഷകൾക്ക് മൈലക്കൊമ്പ് മഠം കപ്പേളയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

• ദൈവദാസൻ ജോസഫ് പഞ്ഞിക്കാരൻ അച്ചന്റെ മരണവാർഷി കാചരണത്തെക്കുറിച്ച് ആലോചിക്കുവാനായി ബിഷപ്സ് ഹൗ സിൽ കൂടിയ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

3–4 • വാഴപ്പിള്ളി, ശാന്തിനിലയത്തിൽ താമസിച്ച് ബഹു. അച്ചന്മാരോടൊപ്പം വി. കുർബാനയർപ്പിച്ചു.

05 • വി. മദർ തെരേസയുടെ തിരുനാളിനോടനുബന്ധിച്ച് മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

06 • രാജകുമാരി, സെന്റ് മേരീസ് ഇടവകപ്പള്ളിയിൽ മാതാവിന്റെ ജനനത്തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

07 • പെരുമ്പല്ലൂർ, വടക്കേക്കര അന്നക്കുട്ടിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

• കോട്ടയം അതിരൂപതാംഗവും മാറിക, സെന്റ് ആന്റണീസ് ഇട വകാംഗവുമായ ചെള്ളക്കണ്ടത്തിൽ ബഹു. മാത്യു അച്ചന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

• CMC സന്യാസിനീ സമൂഹാംഗമായ സി. സഖറിയായുടെ മൃത സംസ്കാരശുശ്രൂഷകൾക്ക് വാഴക്കുളം മഠം കപ്പേളയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

• നാകപ്പുഴ, സെന്റ് മേരീസ് ഇടവകപ്പള്ളിയിൽ മാതാവിന്റെ ജനനത്തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

08 • നെടിയശാല, സെന്റ് മേരീസ് ഇടവകപ്പള്ളിയിൽ മാതാവിന്റെ ജനനത്തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.





• കാവക്കാട്, വള്ളോംകുന്നേൽ വർക്കി ജോണിന്റെ മൃതസം സ്കാരശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

09 • മണികണ്ടംചാൽ, സെന്റ് മേരീസ് ഇടവക പള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും പൂയംകുട്ടി ഇടവ കാംഗങ്ങളായ പുഞ്ചക്കുഴി സ്വാഗത്-നിഷ ദമ്പതികളുടെ നാലാമത്തെ കുട്ടിയായ ഡൊമിനിക് സാവിയോയ്ക്കും മണി കണ്ടംചാൽ ഇടവകാംഗങ്ങളായ പുത്തൻപുരയ്ക്കൽ സിബി-ടെസ്സി ദമ്പതികളുടെ നാലാമത്തെ കുട്ടിയായ ജോണിനും പ്രവേശക കൂദാശകൾ പരികർമ്മം ചെയ്യുകയും ചെയ്തു. തുടർന്ന് ജലപ്രളയം മൂലം ദുരിതത്തിലായവരുമായി സംസാ രിക്കുകയും ബൈബിൾ നഷ്ടപ്പെട്ടവർക്ക് പുതിയ ബൈബിൾ വിതരണം ചെയ്യുകയും ചെയ്തു.

• വെളിയേൽച്ചാൽ, സെന്റ് ജോസഫ് ഇടവകപ്പള്ളിയുടെ പാരീഷ് ഹാളിൽ നടത്തിയ മെഡിക്കൽ ക്യാമ്പ് സന്ദർശിച്ചു.

09–14 • മൂവാറ്റുപുഴ, NESTT -ൽ നടന്ന വൈദികരുടെ വാർഷിക ധ്യാനത്തിൽ പങ്കുചേർന്നു.

11 • കാവക്കാട്, സെന്റ് ജോർജ് ജ്യോതിഭവൻ ഓൾഡ് എയ്ജ് ഹോമിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

• FCC സന്യാസിനീസമൂഹാംഗമായ സി. ലെറ്റീഷ്യായുടെ മൃത സംസ്കാരശുശ്രൂഷകൾക്ക് വാഴപ്പിള്ളി മഠം കപ്പേളയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

13 • ഞാറക്കാട്, Love Home-ന്റെ രജത ജൂബിലിയോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

14 • കോട്ടയം, പൗരസ്ത്യ വിദ്യാപീഠത്തിൽ നടത്തിയ റവ. ഡോ. ജോസഫ് കോയിക്കക്കുടി Endovement Lecture -ന്റെ സമാപന സമ്മേളനത്തിൽ സന്ദേശം നൽകി.

15 • ആയവന ഇടവക വെളിയന്നൂർക്കാരൻ ഫെൽസും കൊച്ചറ ഇടവക ഇലഞ്ഞിപ്പുറം ജാസ്മിനും തമ്മിലുള്ള വിവാഹം ആയവന സേക്രഡ് ഹാർട്ട് ദൈവാലയത്തിൽ വച്ച് ആശീർവദിച്ചു.

- മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂൾ ഓഡിറ്റോറിയത്തിൽ മാതൃവേദിയുടെയും CMC പാവനാത്മ പ്രോവിൻസിന്റെയും ആഭിമുഖ്യത്തിൽ നടത്തിയ വിധവാസംഗമത്തിൽ സന്ദേശം നൽകി.

16 • CMI സന്യാസസഭാംഗവും കോടിക്കുളം ഇടവകാംഗവുമായ പടിഞ്ഞാറേക്കര ബഹു. സൈമൺ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃമംഗലം, കാർമ്മൽ മൊണാസ്റ്ററിയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

17 • CMC സന്യാസിനീ സമൂഹാംഗമായ സി. കാന്റിഡയുടെ മൃത സംസ്കാരശുശ്രൂഷകൾക്ക് ആരക്കുഴ മഠം കപ്പേളയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

18 • KCBC കരിസ്മാറ്റിക് കമ്മീഷൻ ഒരുക്കിയ ജറീക്കോ പ്രാർത്ഥ നാശുശ്രൂഷയുടെ ഭാഗമായി കോതമംഗലം കത്തീഡ്രലിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

19 • മൂവാറ്റുപുഴ, നിർമ്മല കോളേജിലെ സ്റ്റാഫ് മീറ്റിംഗിൽ പങ്കെടുത്ത് സന്ദേശം നൽകി.

20 • മൈനർ സെമിനാരിയിൽ നടത്തിയ ദൈവവിളി ക്യാമ്പിൽ പങ്കെടുത്തവരെ സന്ദർശിച്ച് സന്ദേശം നൽകി.

- മൂവാറ്റുപുഴ, NESTT -ൽ നടത്തിയ കോതമംഗലം രൂപതയിലെ എല്ലാ ഇടവകകളിലെയും കൈക്കാരന്മാരുടെ സംഗമത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.





## BISHOP'S *Engagements*

### October 2018

| | | | | |
|---|---|---|---|---|
| 02 | Tue | ജൂബിലി ദമ്പതീസംഗമം | Viswajyothi College | 02.00 pm |
| 04 | Thu | Holy Qurbana | Loretto Ashram | 06.30 am |
| 06 | Sat | Parents' Day | St. John of God Special School, Pampady | 11.00 am |
| | | Holy Qurbana | Potta | 05.00 pm |
| 07 | Sun | Holy Qurbana | Champakkulam | 10.00 am |
| 08 | Mon | Marriage | Karakunnam | 11.00 am |
| | | Gathering of Major Seminarians | Minor Seminary | 03.00 pm |
| 09 | Tue | Meeting | Bishop's House | 03.00 pm |
| 11 | Thu | Baptism | Pothanicadu | 10.30 am |
| 12 | Fri | Holy Qurbana | Arakuzha | 07.00 am |
| 13 | Sat | | Lisieux Centre | 12.00 noon |
| | | AKCC Meeting | Thodupuzha | 02.30 pm |
| 17 | Wed | Holy Qurbana | Santhibhavan, Bethlehem | 07.00 am |
| 18 | Thu | Vestition, MSJ | MSJ Provincial House | 09.00 am |
| 18-19 | | Regional Monthly Recollection for Bishops | Punalur | |
| 20 | Tue | Youth Assembly | NESTT | |
| 21 | Sun | Pastoral Visit | Kodikulam | |
| 27 | Sat | Vestition, FCC | Holy Magi Forane Church | 10.30 am |

## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| മോൺ. ഫ്രാൻസിസ് തെക്കേക്കര | ചരമദിനം | 04-11-1963 |
| ഫാ. സെബാസ്റ്റ്യൻ പുല്ലോപ്പിള്ളി | ” | 04-11-1966 |
| ഫാ. ജെയിംസ് വെമ്പിള്ളി | ” | 08-11-2016 |
| ഫാ. അബ്രാഹം കാഞ്ഞിരത്തിങ്കൽ | ” | 09-11-1964 |
| ഫാ. മാത്യു തൊട്ടിയിൽ | ” | 10-11-2000 |
| ഫാ. അബ്രാഹം മാളിയേക്കൽ | ” | 12-11-1960 |
| ഫാ. ജോൺ വഴുതനപ്പിള്ളി | ” | 21-11-1978 |
| ഫാ. മാത്യു വടക്കേക്കര | ” | 21-11-2012 |
| ഫാ. ജോർജ് നെടുങ്ങാട്ട് | ” | 22-11-1995 |
| ഫാ. അബ്രാഹം പുളിയ്ക്കൽ | ” | 26-11-2014 |
| ഫാ. ജോർജ് തയ്യിൽ | ” | 27-11-1962 |

## നിര്യാതരായി

### സി. ഡൊമിനിക്ക് എസ്.എച്ച്. (കല്ലറയ്ക്കൽ)

| | | |
|---|---|---|
| ഇടവക | - | ചെപ്പുകുളം |
| ജനനം | - | 24.12.1944 |
| ആദ്യവ്രതം | - | 02.05.1966 |
| നിത്യവ്രതം | - | 02.05.1971 |
| മരണം | - | 02.09 .2018 |
| മൃതസംസ്കാരം | - | 03.09.2018 (മൈലക്കൊമ്പ്) |

### സി. സക്കറിയ സി.എം.സി. (ചാലിൽ)

| | | |
|---|---|---|
| ഇടവക | - | അരിക്കുഴ |
| ജനനം | - | 01.06.1932 |
| ആദ്യവ്രതം | - | 01.05.1957 |
| നിത്യവ്രതം | - | 29.05.1960 |
| മരണം | - | 06.09 .2018 |
| മൃതസംസ്കാരം | - | 07.09.2018 (വാഴക്കുളം മഠം) |





### സി. ലെറ്റീഷ്യ എഫ്.സി.സി (ഓലിക്കൽ)

| | | |
|---|---|---|
| ഇടവക | - | കലൂർ |
| ജനനം | - | 11.12.1930 |
| ആദ്യവ്രതം | - | 15.05.1953 |
| നിത്യവ്രതം | - | 01.05.1958 |
| മരണം | - | 09.09 .2018 |
| മൃതസംസ്കാരം | - | 11.09.2018 (ഈസ്റ്റ് വാഴപ്പിള്ളി) |

### സി. കാന്റിഡ സി.എം.സി. (കല്ലുങ്കൽ)

| | | |
|---|---|---|
| ഇടവക | - | വാഴക്കുളം |
| ജനനം | - | 09.11.1935 |
| ആദ്യവ്രതം | - | 15.04.1963 |
| നിത്യവ്രതം | - | 15.04.1967 |
| മരണം | - | 15.09 .2018 |
| മൃതസംസ്കാരം | - | 17.09.2018 (ആരക്കുഴ മഠം) |